ഭാരത സർക്കാർ

നിയമ മന്ത്രാലയം

സത്യമേവ ജയതേ

# ആക്ച്വറീസ് ആക്റ്റ്, 2006

(2006-ലെ 35-ാം നമ്പർ ആക്റ്റ്)

(2011 മേയ് 2-ാം തീയതി നിലവിലിരുന്ന പ്രകാരം)

# ACTUARIES ACT, 2006

(ACT No. 35 of 2006)

(As on 2nd May, 2011)

വില: 61 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2011

## ആമുഖം

2011 മേയ് 2-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 2006-ലെ ആക്ചറീസ് ആക്റ്റ്, (2006-ലെ 35-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2011 മേയ് 30-ാം തീയതിയിലെ ഭാരത അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 2-ാം നമ്പരായി 1 മുതൽ 27 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

വി. കെ. ഭാസിൻ,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Actuaries Act, 2006 (Act No. 35 of 2006) as on 2nd May, 2011 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 2 dated 30th May, 2011 on pages 1 to 27.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,

*Secretary to the Government of India.*

3/2708/2011/DTP.

# ആക്ചറീസ് ആക്റ്റ്, 2006

## (2006-ലെ 35-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം

അദ്ധ്യായം I

പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| | **അദ്ധ്യായം II** | |
| | **ഭാരതത്തിന്റെ ആക്ചറീസ് ഇൻസ്റ്റിറ്റ്യൂട്ട്** | |
| 3. | ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏകാംഗീകരണം | 3 |
| 4. | ആക്ചേറിയൽ സംഘത്തിന്റെ ആസ്തികൾ, ബാദ്ധ്യതകൾ മുതലായവയുടെ കൈമാറ്റം | 3 |
| 5. | ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യങ്ങൾ | 4 |
| 6. | രജിസ്റ്ററിൽ പേര് ചേർക്കൽ | 4 |
| 7. | അസ്സോസിയേറ്റുകളും ഫെലോകളും | 5 |
| 8. | ഓണററി, അഫിലിയേറ്റ്, വിദ്യാർത്ഥി അംഗങ്ങൾ | 5 |
| 9. | പ്രാക്റ്റീസിനുള്ള സർട്ടിഫിക്കറ്റ് | 5 |
| 10. | അംഗങ്ങൾ ആക്ചറീസായി അറിയപ്പെടണമെന്ന് | 6 |
| 11. | അയോഗ്യതകൾ | 6 |
| 12. | ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമിതിയുടെ ഘടന | 6 |
| 13. | വാർഷിക പൊതുയോഗങ്ങൾ | 8 |
| 14. | സമിതിയിലേക്കുള്ള വീണ്ടും തെരഞ്ഞെടുപ്പ് | 8 |
| 15. | തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള തർക്കങ്ങളുടെ തീർപ്പാക്കൽ | 8 |
| 16. | ട്രിബ്യൂണൽ സ്ഥാപിക്കൽ | 8 |
| 17. | പ്രസിഡന്റും വൈസ്പ്രസിഡന്റും ഓണററി സെക്രട്ടറിയും | 9 |
| 18. | അംഗത്വത്തിൽ നിന്നും രാജിവയ്ക്കലും യാദൃശ്ചികമായ ഒഴിവ് നികത്തലും | 9 |
| 19. | സമിതിയുടെ ചുമതലകൾ | 10 |
| 20. | സ്റ്റാഫും വേതനവും ബത്തകളും | 11 |
| 21. | സമിതിയുടെ കമ്മിറ്റികൾ | 11 |
| 22. | സമിതിയുടെ ധനകാര്യങ്ങൾ | 11 |
| | **അദ്ധ്യായം III** | |
| | **അംഗങ്ങളുടെ രജിസ്റ്റർ** | |
| 23. | രജിസ്റ്റർ | 12 |
| 24. | രജിസ്റ്ററിൽ നിന്നും പേര് നീക്കം ചെയ്യൽ | 13 |
| 25. | രജിസ്റ്ററിൽ വീണ്ടും ചേർക്കൽ | 13 |

അദ്ധ്യായം IV

## നടപടി ദൂഷ്യം


26. അച്ചടക്ക സംബന്ധമായ കമ്മിറ്റി 13
27. പ്രോസിക്യൂഷൻ ഡയറക്ടറുടെ നിയമനം 14
28. അധികാരസ്ഥാനത്തിനും സമിതിക്കും അച്ചടക്ക സംബന്ധമായ കമ്മിറ്റിക്കും പ്രോസിക്യൂഷൻ ഡയറക്ടർക്കും സിവിൽ കോടതിക്കുള്ള അധികാരം ഉണ്ടായിരിക്കുമെന്ന് 14
29. അച്ചടക്കസംബന്ധമായ കമ്മറ്റിയുടെ റിപ്പോർട്ടിൻമേൽ സമിതിയാലുള്ള നടപടി 14
30. അംഗത്തിന് പറയുവാനുള്ളത് പറയുവാൻ അവസരം നൽകണമെന്ന് 14
31. വൃത്തിപരമോ മറ്റു നടപടി ദൂഷ്യമോ നിർവ്വചിച്ചിരിക്കണമെന്ന് 15


അദ്ധ്യായം V

## അപ്പീലുകൾ


32. അപ്പീൽ അധികാരസ്ഥാനത്തിന്റെ രൂപീകരണം 15
33. അധികാരസ്ഥാനത്തിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധി 15
34. അധികാരസ്ഥാനത്തിലെ അംഗങ്ങളുടെ ബത്തകൾ, സേവന ഉപാധികൾ, നടപടിക്രമങ്ങൾ മുതലായവ 15
35. അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥരും മറ്റുജീവനക്കാരും 15
36. അധികാരസ്ഥാനത്തിലേക്കുള്ള അപ്പീലുകൾ 16


അദ്ധ്യായം VI

## പിഴശിക്ഷകൾ


37. ഒരു അംഗമാണെന്ന് തെറ്റായി അവകാശപ്പെടുന്നതിനുള്ള പിഴശിക്ഷ മുതലായവ 16
38. സ്ഥാപനത്തിന്റെ പേര് ഉപയോഗിക്കുന്നതിനും ആക്ചേറിയൽ സയൻസിന്റെ ഡിഗ്രികൾ മുതലായവ നൽകുന്നതിനും ഉള്ള പിഴശിക്ഷ 17
39. കമ്പനികൾ ആക്ചേറിയൽ പ്രാക്റ്റീസിൽ ഏർപ്പെടരുതെന്ന് 17
40. യോഗ്യതയില്ലാത്ത ആൾ രേഖകൾ ഒപ്പ് വയ്ക്കരുതെന്ന് 17
41. കമ്പനികളാലുള്ള കുറ്റങ്ങൾ 17
42. പ്രോസിക്യൂട്ട് ചെയ്യുവാനുള്ള അനുവാദം 18


അദ്ധ്യായം VII

## ഗുണനിലവാര പുനഃപരിശോധനാ ബോർഡ്


43. ഗുണനിലവാര പുനഃപരിശോധനാ ബോർഡിന്റെ സ്ഥാപനം 18
44. ബോർഡിന്റെ ചുമതലകൾ 18
45. ബോർഡിന്റെ നടപടിക്രമം 19
46. ബോർഡിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിബന്ധനകളും ഉപാധികളും 19
47. ബോർഡിന്റെ ചെലവുകൾ 19

അദ്ധ്യായം VIII

## സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത ഭാരതത്തിന്റെ ആക്ചേറിയൽ സംഘത്തിന്റെ പിരിച്ചുവിടൽ


48. ഭാരതത്തിന്റെ ആക്ചേറിയൽ സംഘത്തിന്റെ പിരിച്ചുവിടൽ 19
49. പിരിച്ചുവിട്ട സംഘത്തിന്റെ ജീവനക്കാരെ സംബന്ധിച്ച വ്യവസ്ഥകൾ 19


അദ്ധ്യായം IX

## പലവക


50. ആക്ചറിയാൽ ഒന്നിൽ കൂടുതൽ ആഫീസുകളുടെ പരിപാലനം 20
51. പരസ്പര പ്രവർത്തനം 20
52. നിർദ്ദേശങ്ങൾ നല്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരങ്ങൾ 20
53. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം 21
54. അംഗങ്ങൾ മുതലായവർ പബ്ലിക് സർവെൻറുമാരായിരിക്കുമെന്ന് 21
55. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം 21
56. റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം 21
57. റെഗുലേഷനുകൾ ഉണ്ടാക്കുവാനോ ഭേദഗതി വരുത്തുവാനോ നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ അധികാരം 22
58. ചട്ടങ്ങൾ റെഗുലേഷനുകളും വയ്ക്കൽ 23
59. വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം 23


## പട്ടിക


ഭാഗം I

ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രാക്റ്റീസിലുള്ള അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടി ദൂഷ്യം 23

ഭാഗം II

ഇൻസ്റ്റിറ്റ്യൂട്ടിലെ സർവ്വീസിലുള്ള അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടി ദൂഷ്യം 25

ഭാഗം III

പൊതുവെ ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടി ദൂഷ്യം 26

ഭാഗം IV

പൊതുവെ ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളെ സംബന്ധിച്ച മറ്റ് നടപടി ദൂഷ്യം 26

## ആക്ചറീസ് ആക്റ്റ്, 2006

(2006-ലെ 35-ാം നമ്പർ ആക്റ്റ്)

ആക്ചറീസ് തൊഴിൽ നിയന്ത്രിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും
അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ
ആയ വിഷയങ്ങൾക്കും വേണ്ടി
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ആക്ചറീസ് ആക്റ്റ്, 2006 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്:

എന്നാൽ, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ഈ ആക്റ്റിന്റെ പ്രാരംഭത്തെ കുറിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതെങ്കിലും പരാമർശം ആ വ്യവസ്ഥയുടെ പ്രാരംഭത്തെ കുറിച്ചുള്ള ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതുമാകുന്നു.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "ആക്ചറി" എന്നാൽ ഭാവിയിലെ അനിശ്ചിതമായ സംഭവങ്ങളുടെ വർത്തമാനകാല പ്രഭാവങ്ങൾ നിശ്ചയിക്കുന്നതിലും അല്ലെങ്കിൽ ഇൻഷ്വറൻസിന്റെ വിവിധ മേഖലകളിലുള്ള ധനരൂപീകരണത്തിലും നഷ്ടസാദ്ധ്യതാ വിശകലനത്തിലും അല്ലെങ്കിൽ ആജീവനാവകാശമൂല്യവും ഇൻഷ്വറൻസ് നഷ്ടസാദ്ധ്യതകളും കണക്കാക്കുന്നതിലും അല്ലെങ്കിൽ പോളിസികൾ രൂപീകരിക്കുന്നതിലും മൂല്യനിർണ്ണയം ചെയ്യുന്നതിലും ആനുകൂല്യങ്ങൾ കണക്കാക്കുന്നതിലും പ്രായോഗികാടിസ്ഥാന പട്ടികയുടെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് ബിസിനസും വാർഷിക വേതനങ്ങളും സംബന്ധിച്ച നിരക്കുകളും ഇൻഷ്വറൻസ് പെൻഷൻ നിരക്കുകളും ശിപാർശ ചെയ്യുന്നതിലും വിദഗ്ദ്ധനായ ഒരാൾ എന്നർത്ഥമാകുന്നതും അങ്ങനെയുള്ള സാങ്കേതിക വിദ്യയിലും, നികുതി നിർണ്ണയത്തിലും ജീവനക്കാരുടെ ആനുകൂല്യങ്ങളും അങ്ങനെയുള്ള മറ്റ് നഷ്ട സാദ്ധ്യത കൈകാര്യം ചെയ്യുന്നതിലും ധനനിക്ഷേപത്തിലും ഏർപ്പെട്ടിരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സഹഅംഗം ആയിരിക്കുന്ന ഒരു സ്റ്റാറ്റിസ്റ്റിഷ്യൻ ഉൾപ്പെടുന്നതും "ആക്ചേറിയൽ സയൻസ്" എന്ന പദപ്രയോഗത്തിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതുമാണ്;

(ഖ) "ആക്ചേറിയൽ സൊസൈറ്റി" എന്നാൽ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-നും ബോംബെ പബ്ലിക് ട്രസ്റ്റുകൾ ആക്റ്റ്, 1950 (1950-ലെ XXXIX-ാം നമ്പർ ബോംബെ ആക്റ്റ്)-നും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭാരതത്തിന്റെ ആക്ചേറിയൽ സൊസൈറ്റി എന്നർത്ഥമാകുന്നു;

(ഗ) "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കപ്പെട്ട തീയതി എന്നർത്ഥമാകുന്നു ;

(ഘ) "അധികാരസ്ഥാനം" എന്നാൽ 32-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള അപ്പീലധികാര സ്ഥാനം എന്നർത്ഥമാകുന്നു;

(ങ) "ബോർഡ്" എന്നാൽ 43-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട ഗുണനിലവാര പുനഃപരിശോധന ബോർഡ് എന്നർത്ഥമാകുന്നു;

(ച) "സമിതി" എന്നാൽ 12-ാം വകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമിതി എന്നർത്ഥമാകുന്നു;

(ഛ) "ഫെലോ" എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സഹഅംഗം എന്നർത്ഥമാകുന്നു;

(ജ) "ഇൻസ്റ്റിറ്റ്യൂട്ട്" എന്നാൽ 3-ാം വകുപ്പു പ്രകാരം രൂപീകരിച്ച ഭാരതത്തിന്റെ ആക്ച്വറീസ് ഇൻസ്റ്റിറ്റ്യൂട്ട് എന്നർത്ഥമാകുന്നു;

(ഝ) "അംഗം" എന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് വച്ചുപോരുന്ന അംഗങ്ങളുടെ രജിസ്റ്ററിൽ പേര് കാണപ്പെടുന്ന ഒരു വ്യക്തി എന്നർത്ഥമാകുന്നു;

(ഞ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ട) "പ്രസിഡന്റ്" എന്നാൽ സമിതിയുടെ പ്രസിഡന്റ് എന്നർത്ഥമാകുന്നു;

(ഠ) "രജിസ്റ്റർ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് വച്ചുപോരുന്ന അംഗങ്ങളുടെ രജിസ്റ്റർ എന്നർത്ഥമാകുന്നു;

(ഡ) "വിനിർദ്ദേശിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ റെഗുലേഷനുകളാൽ വിനിർദ്ദേശിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഢ) "ട്രിബ്യൂണൽ" എന്നാൽ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സ്ഥാപിക്കപ്പെട്ട ഒരു ട്രിബ്യൂണൽ എന്നർത്ഥമാകുന്നു;

(ണ) "വൈസ്പ്രസിഡന്റ്" എന്നാൽ സമിതിയുടെ വൈസ്പ്രസിഡന്റ് എന്നർത്ഥമാകുന്നു;

(ത) "വർഷം" എന്നാൽ ഏതെങ്കിലും വർഷം ഏപ്രിൽ 1-ാം ദിവസം ആരംഭിക്കുന്നതും തുടർന്നു വരുന്ന വർഷം മാർച്ച് 31-ാം ദിവസം അവസാനിക്കുന്നതുമായ കാലയളവ് എന്നർത്ഥമാകുന്നു.

(2) ഈ ആക്റ്റിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു അംഗം, അയാൾ ഒരു കമ്പനിയുടെ ഒരു അംഗമായി അല്ലെങ്കിൽ ഒരു ജീവനക്കാരനായി ഒറ്റയ്ക്കോ പ്രാക്റ്റീസുള്ള ആക്ച്വറീസുമായി പങ്കാളിത്തത്തിലോ പ്രതിഫലം സ്വീകരിച്ചതോ സ്വീകരിക്കപ്പെടേണ്ടതോ പരിഗണിച്ചോ അല്ലാതെയോ,—

(i) ആക്ച്വേറിയൽ തൊഴിലിൽ സ്വയം ഏർപ്പെടുകയോ;

(ii) ഇൻഷ്വറൻസിന്റെയും പെൻഷന്റെയും നിക്ഷേപത്തിന്റെയും ധനകാര്യത്തിന്റെയും മാനേജുമെന്റിന്റെയും മേഖലകളിൽ ആക്ച്വേറിയൽ സമ്പ്രദായത്തിന്റെ അപേക്ഷ ഉൾപ്പെടുന്ന സേവനങ്ങൾ നിറവേറ്റാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ നിറവേറ്റുകയോ;

(iii) സമിതിയുടെ അഭിപ്രായത്തിൽ ഒരു പ്രാക്റ്റീസുള്ള ആക്ച്വറിയാൽ നല്കപ്പെട്ടതോ നല്കപ്പെടാവുന്നതോ ആയ അങ്ങനെയുള്ള മറ്റ് സേവനങ്ങൾ നല്കുകയോ;

(iv) മേൽപ്പറഞ്ഞ (i)-ഉം (ii)-ഉം (iii)-ഉം ഖണ്ഡങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ഒന്നോ അതിലധികമോ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയുടെ തൊഴിലിൽ ആയിരിക്കുകയോ ചെയ്യുമ്പോൾ "പ്രാക്റ്റീസിൽ ആയിരിക്കും" എന്ന് കരുതപ്പെടേണ്ടതും "പ്രാക്റ്റീസിൽ ആയിരിക്കും" എന്ന വാക്കുകൾ അതനുസരിച്ച് അവയുടെ വ്യാകരണ സംബന്ധമായ രൂപഭേദങ്ങളോടും സജാതീയ പദങ്ങളോടുംകൂടെ അപ്രകാരം അർത്ഥം കൽപ്പിക്കേണ്ടതുമാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി 'കമ്പനി' എന്ന പദപ്രയോഗത്തിൽ 1956-ലെ കമ്പനീസ് ആക്റ്റ് (1956-ലെ 1) 4ക വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതു പോലെ ഒരു പൊതുധനകാര്യസ്ഥാപനവും ഉൾപ്പെടുന്നു.

## അദ്ധ്യായം II

## ഭാരതത്തിന്റെ ആക്ചറീസ് ഇൻസ്റ്റിറ്റ്യൂട്ട്

3. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏകാംഗീകരണം.—(1) കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ ആക്ചേറിയൽ സംഘത്തിന്റെ രജിസ്റ്ററിൽ പേര് ചേർക്കപ്പെട്ട എല്ലാ ആളുകളും ഈ ആക്റ്റിൻ കീഴിൽ വച്ചുപോരേണ്ട രജിസ്റ്ററിൽ അതിനുശേഷം പേര് ചേർക്കപ്പെട്ടിരിക്കുന്ന എല്ലാ ആളുകളും രജിസ്റ്ററിൽ അവരുടെ പേരുകൾ അവർ തുടർന്നുകൊണ്ട് പോകുന്നിടത്തോളം ഭാരതത്തിന്റെ ആക്ചറീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരോടുകൂടി ഇതിനാൽ ഒരു ഏകാംഗീകൃത നികായമായി രൂപീകരിക്കപ്പെട്ടിരിക്കുന്നതും അങ്ങനെയുള്ള എല്ലാ ആളുകളും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളായി അറിയപ്പെടേണ്ടതുമാണ്.

(2) ഇൻസ്റ്റിറ്റ്യൂട്ട് ശാശ്വത പിൻതുടർച്ചയും ഒരു പൊതുമുദ്രയും ഉള്ളതായിരിക്കുന്നതും സ്ഥാവരജംഗമവസ്തുക്കൾ ആർജ്ജിക്കുവാനും കൈവശം വയ്ക്കുവാനും വിൽക്കുവാനും അധികാരമുള്ളതായിരിക്കുന്നതും അതിന്റെ പേരിൽ വ്യവഹരിക്കേണ്ടതും വ്യവഹരിക്കപ്പെടേണ്ടതുമാകുന്നു.

(3) ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യകാര്യാലയം കേന്ദ്ര സർക്കാരിനാൽ നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള സ്ഥലത്ത് സ്ഥിതി ചെയ്യേണ്ടതാണ്.

4. ആക്ചേറിയൽ സംഘത്തിന്റെ ആസ്തികൾ, ബാദ്ധ്യതകൾ മുതലായവയുടെ കൈമാറ്റം.—

നിശ്ചയിക്കപ്പെട്ട ദിവസം,—

(ക) ആക്ചേറിയൽ സംഘത്തിന്റെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും നിക്ഷിപ്തമായിരിക്കുന്നതുമാണ്.

വിശദീകരണം.—ആക്ചേറിയൽ സംഘത്തിന്റെ ആസ്തികളിൽ എല്ലാ അവകാശങ്ങളും അധികാരങ്ങളും ജംഗമമോ സ്ഥാവരമോ ആയ എല്ലാ വസ്തുക്കളും പ്രത്യേകിച്ച് രൊക്കബാക്കിയും നിക്ഷേപങ്ങളും പ്രസ്തുത സംഘത്തിന്റെ കൈവശാവകാശത്തിലാകാവുന്ന അങ്ങനെയുള്ള വസ്തുക്കളിലുള്ളതോ വസ്തുക്കളിൽ നിന്ന് ഉളവാകുന്നതോ ആയ മറ്റെല്ലാ താൽപ്പര്യങ്ങളും അവകാശങ്ങളും ഉൾപ്പെടുന്നതും അതുമായി ബന്ധപ്പെട്ട എല്ലാ കണക്കുബുക്കുകളും മറ്റ് രേഖകളും ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതും ബാദ്ധ്യതകളിൽ എല്ലാ കടങ്ങളും ബാദ്ധ്യതകളും ഏതു തരത്തിലുമുള്ള കടപ്പാടുകളും ഉൾപ്പെടുന്നതായും കരുതപ്പെടേണ്ടതാണ്;

(ഖ) (ക) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ ആ ദിവസത്തിന് തൊട്ടുമുമ്പ് ആക്ചേറിയൽ സംഘത്തിനാലോ സംഘത്തോടുകൂടിയോ സംഘത്തിന് വേണ്ടിയോ മേൽപ്പറഞ്ഞ സംഘത്തിന്റെ ഉദ്ദേശ്യത്തിന് വേണ്ടിയോ ഉദ്ദേശ്യവുമായി ബന്ധപ്പെട്ടോ വന്നുചേർന്ന എല്ലാ കടങ്ങളും കടപ്പാടുകളും ബാദ്ധ്യതകളും തുടങ്ങിയ എല്ലാ കരാറുകളും നടത്തേണ്ടതിന് ഏർപ്പെട്ടിട്ടുള്ള എല്ലാ സംഗതികളും കാര്യങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് വഴിയോ ഇൻസ്റ്റിറ്റ്യൂട്ടിനോടുകൂടിയോ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടിയോ നടത്തേണ്ടതിന് വന്നുചേർന്നതോ തുടങ്ങിയതോ ഏർപ്പെട്ടതോ ആയി കരുതപ്പെടേണ്ടതും;

3/2708/2011/DTP.

(ഗ) ആ ദിവസത്തിന് തൊട്ടുമുമ്പ് ആക്ചേറിയൽ സംഘത്തിന് ചെല്ലേണ്ട എല്ലാ തുകകളും ഇൻസ്റ്റിറ്റ്യൂട്ടിന് ചെല്ലേണ്ടതായി കരുതപ്പെടേണ്ടതും;

(ഘ) ആ ദിവസത്തിന് തൊട്ട് മുമ്പ് ആക്ചേറിയൽ സംഘത്തിനോ സംഘത്തിന് എതിരെയോ ആരംഭിച്ചതോ ആരംഭിക്കുവാൻ കഴിയുമായിരുന്നതോ ആയ എല്ലാ വ്യവഹാരങ്ങളും മറ്റ് നിയമനടപടികളും ഇൻസ്റ്റിറ്റ്യൂട്ട് വഴിയോ ഇൻസ്റ്റിറ്റ്യൂട്ടിനെതിരെയോ തുടരാവുന്നതോ ആരംഭിക്കാവുന്നതോ,

ആണ്.

5. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യങ്ങൾ.—

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യങ്ങൾ,—

(ക) ആക്ചറീസിനിടയിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെയും, പരിശീലനത്തിന്റെയും, അറിവിന്റെയും, അനുഷ്ഠാനത്തിന്റെയും, പെരുമാറ്റത്തിന്റെയും നിലവാരം വർദ്ധിപ്പിക്കുന്നതും ഉയർത്തിപ്പിടിക്കുന്നതും ശക്തിപ്പെടുത്തുന്നതും;

(ഖ) ആക്ചേറിയൽ വൃത്തിയുടെ അന്തസ് ഉയർത്തുന്നതും;

(ഗ) ആക്ചേറിയൽ വൃത്തിയുടെ അംഗങ്ങൾ മുഖേനയുള്ള പ്രാക്റ്റീസ് നിയന്ത്രിക്കുന്നതും;

(ഘ) പൊതുതാൽപ്പര്യത്തിൽ ആക്ചേറിയൽ ശാസ്ത്രവും അതിന്റെ ബാധകതയുമായി ബന്ധപ്പെട്ട എല്ലാ സംഗതികളിലുമുള്ള അറിവും ഗവേഷണവും പ്രോൽസാഹിപ്പിക്കുന്നതും;

(ങ) മേൽപ്പറഞ്ഞ ഉദ്ദേശ്യങ്ങൾക്കോ അവയിൽ ഏതിനെങ്കിലുമോ ആനുഷംഗികമോ പ്രയോജനപ്രദമോ ആകാവുന്ന പ്രകാരം അങ്ങനെയുള്ള മറ്റെല്ലാ കാര്യങ്ങളും ചെയ്യുന്നതും ആയിരിക്കുന്നതാണ്.

6. രജിസ്റ്ററിൽ പേര് ചേർക്കൽ.—(1) താഴെപ്പറയുന്ന ഏതൊരാൾക്കും അയാളുടെ പേര് ചേർക്കപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ട് മുമ്പ് ആക്ചേറിയൽ സംഘത്തിന്റെ ഒരു അസ്സോസിയേറ്റോ ഒരു ഫെലോയോ (ഒരു ഓണററി ഫെലോ ഉൾപ്പെടെ) ആയിരുന്ന ഏതെങ്കിലും ആൾ;

(ഖ) ആക്ചേറിയൽ സംഘത്തിനാൽ നടത്തപ്പെട്ട പരീക്ഷ ജയിച്ചതും ഒന്നുകിൽ മേൽപ്പറഞ്ഞ സംഘത്താൽ വിനിർദ്ദേശിക്കപ്പെട്ട പ്രകാരമോ അല്ലെങ്കിൽ സമിതിയാൽ വിനിർദ്ദേശിക്കപ്പെട്ട പ്രകാരമോ പരിശീലനം പൂർത്തിയാക്കിയതുമായ ഭാരതത്തിൽ സ്ഥിര താമസക്കാരനല്ലാത്ത അങ്ങനെയുള്ള ഏതെങ്കിലും ആൾ ഒഴികെ ഏതെങ്കിലും ആൾ;

(ഗ) ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗത്വത്തിന് വേണ്ടി വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള പരീക്ഷ ജയിച്ചതും അങ്ങനെയുള്ള പരിശീലനം പൂർത്തിയാക്കിയതുമായ ഏതെങ്കിലും ആൾ;

(ഘ)ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗത്വത്തിന് വേണ്ടി ഈ ആക്റ്റിൻ കീഴിൽ വിനിർദ്ദേശിക്കപ്പെട്ട പരീക്ഷയ്ക്കും പരിശീലനത്തിനും തുല്യമായിരിക്കുന്ന വിനിർദ്ദേശിക്കപ്പെട്ട പ്രകാരം ഭാരതത്തിന് വെളിയിൽ അങ്ങനെയുള്ള മറ്റ് പരീക്ഷ വിജയിച്ചതും അങ്ങനെയുള്ള മറ്റ് പരിശീലനം പൂർത്തിയാക്കിയതുമായ ഏതെങ്കിലും ആൾ:

എന്നാൽ ഭാരതത്തിൽ സ്ഥിരമായി താമസിക്കാത്ത ഈ ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും ആളുടെ സംഗതിയിൽ, കേന്ദ്ര സർക്കാരിനോ സമിതിക്കോ പൊതുതാൽപ്പര്യത്തിന് ആവശ്യമോ സമീചീനമോ എന്ന് അത് കരുതാവുന്ന അങ്ങനെയുള്ള കൂടുതൽ വ്യവസ്ഥകൾ ചുമത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ ആൾക്കും യാതൊരു പ്രവേശന ഫീസും നൽകാതെ രജിസ്റ്ററിൽ അയാളുടെ പേര് ചേർക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിന്റെ (ഖ), (ഗ), (ഘ) ഖണ്ഡങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗങ്ങളുമായി ബന്ധപ്പെട്ട ഓരോ ആൾക്കും, വിനിർദ്ദേശിക്കപ്പെടാവുന്ന രീതിയിൽ ഒരു അപേക്ഷ നൽകുന്നതിന്മേലും അനുവദിക്കുന്നതിന്മേലും വിനിർദ്ദേശിക്കപ്പെട്ട അത്തരം ഫീസ് ഒടുക്കുന്നതിന്മേലും രജിസ്റ്ററിൽ അയാളുടെ പേര് ചേർക്കപ്പെടേണ്ടതാണ്.

(4) സമിതി, (1)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഭാഗവുമായി ബന്ധപ്പെട്ട എല്ലാ ആളുകളുടെയും പേരുകൾ നിശ്ചയിക്കപ്പെട്ട ദിവസത്തിന് മുമ്പ് രജിസ്റ്ററിൽ ചേർക്കുന്ന ഉദ്ദേശ്യത്തിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള നടപടികൾ എടുക്കേണ്ടതാണ്.

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സമിതിക്ക് ഏതെങ്കിലും ആൾക്ക് അങ്ങനെയുള്ള ആൾ ആക്ചറി വൃത്തിക്ക് പ്രധാനമായ ഒരു സംഭാവന നല്കിയിട്ടുണ്ടെന്ന് സമിതിക്ക് അഭിപ്രായമുണ്ടെങ്കിൽ ഓണററി ഫെലോ അംഗത്വം നല്കാവുന്നതും അതിന്മേൽ സമിതി അങ്ങനെയുള്ള ആളുടെ പേര് രജിസ്റ്ററിൽ ചേർക്കേണ്ടതും എന്നാൽ അങ്ങനെയുള്ള ആൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതെങ്കിലും തെരഞ്ഞെടുപ്പിലോ യോഗങ്ങളിലോ യാതൊരു വോട്ടവകാശവും ഉണ്ടായിരിക്കാൻ പാടില്ലാത്തതും ഇൻസ്റ്റിറ്റ്യൂട്ടിന് യാതൊരു ഫീസും നൽകാൻ ആവശ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

7. അസ്സോസ്സിയേറ്റുകളും ഫെലോകളും.—(1) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങൾ യഥാക്രമം അസ്സോസ്സിയേറ്റുകളും ഫെലോകളുമായി പദവിനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് വിഭാഗങ്ങളായി വിഭജിക്കേണ്ടതാണ്.

(2) (3)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾ ബാധകമാകുന്ന ഒരു ആൾ അല്ലാത്ത ഏതെങ്കിലും ആൾക്ക് അയാളുടെ പേര് രജിസ്റ്ററിൽ ചേർക്കപ്പെടുന്നതിന്മേൽ ഒരു അസ്സോസ്സിയേറ്റ് ആയി തീർന്നതായി കരുതപ്പെടേണ്ടതും അയാളുടെ പേര് അപ്രകാരം ചേർക്കപ്പെട്ടിരിക്കുന്നിടത്തോളം അയാൾ ഒരു അസ്സോസ്സിയേറ്റ് ആണെന്ന് സൂചിപ്പിക്കുവാൻ അയാളുടെ പേരിനുശേഷം "എ ഐ എ ഐ" എന്ന അക്ഷരങ്ങൾ ഉപയോഗിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡപ്രകാരം ആക്ചേറിയൽ സൊസൈറ്റിയുടെ ഒരു ഫെലോ ആയിരുന്നതും രജിസ്റ്ററിൽ അയാളുടെ പേര് ചേർക്കപ്പെടുന്നതിന് അവകാശമുള്ളതുമായ ഏതൊരാളും രജിസ്റ്ററിൽ ഒരു ഫെലോ ആയി ചേർക്കപ്പെടേണ്ടതാണ്.

(4) രജിസ്റ്ററിൽ ഒരു ഫെലോ ആയി പേര് ചേർക്കപ്പെട്ട ഏതൊരാൾക്കും അയാളുടെ പേര് അപ്രകാരം ചേർക്കപ്പെട്ടിരിക്കുന്നിടത്തോളം, അയാൾ ഒരു ഫെലോ ആണെന്ന് സൂചിപ്പിക്കുവാൻ അയാളുടെ പേരിനുശേഷം "എഫ് ഐ എ ഐ" എന്ന അക്ഷരങ്ങൾ ഉപയോഗിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

8. ഓണററി, അഫിലിയേറ്റ്, വിദ്യാർത്ഥി അംഗങ്ങൾ.—(1) ആക്ചറിവൃത്തിയുമായി ബന്ധപ്പെട്ട സംഗതികളിലും ആക്ചറി വൃത്തിയിലും താത്പര്യമുള്ളതുമായ ശ്രേഷ്ഠതയുള്ള ഏതെങ്കിലും ആളെ, അയാൾ ഒരു ആക്ചറിയായി പ്രാക്റ്റീസ് ചെയ്യുന്നില്ലായെങ്കിൽ, വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ഓണററി അംഗമായി, സമിതിക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

(2) ഭാരതത്തിന് അകത്തായാലും പുറത്തായാലും, ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഇൻസ്റ്റിറ്റ്യൂട്ടിന് സമമായ മറ്റേതെങ്കിലും സ്ഥാപനത്തിന്റെയോ ഫെലോ അംഗത്വത്തിന് തുല്യമായി കരുതപ്പെട്ട ഒരു ഫെലോ അംഗമാകുന്നതോ ഒരു അംഗത്വം വഹിക്കുന്നതോ ആയ ഏതെങ്കിലും ആൾ, വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേക്കും അങ്ങനെയുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും ഒരു അഫിലിയേറ്റ് അംഗമായി ചേർക്കപ്പെടാവുന്നതാണ്.

(3) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരീക്ഷയ്ക്കായി സ്വയം എൻറോൾ ചെയ്യുകയും, വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള വിദ്യാഭ്യാസ യോഗ്യതകളുള്ളതുമായ ഏതെങ്കിലും ആൾ, വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു വിദ്യാർത്ഥി അംഗമായി ചേർക്കപ്പെടാവുന്നതാണ്.

(4) ഒരു ഓണററി അംഗത്തിനോ ഒരു അഫിലിയേറ്റ് അംഗത്തിനോ ഒരു വിദ്യാർത്ഥി അംഗത്തിനോ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതെങ്കിലും യോഗത്തിൽ ഏതെങ്കിലും സംഗതിയിന്മേലോ പ്രമേയത്തിന്മേലോ യാതൊരു വോട്ടവകാശവും ഉണ്ടായിരിക്കുന്നതല്ല.

9. പ്രാക്റ്റീസിനുള്ള സർട്ടിഫിക്കറ്റ്.—(1) ഇൻസ്റ്റിറ്റ്യൂട്ടിന്റെ യാതൊരു അംഗവും, അദ്ദേഹം വിനിർദ്ദേശിക്കപ്പെടാവുന്ന യോഗ്യതകൾ പൂർത്തീകരിക്കുകയോ സമിതിയിൽ നിന്ന് ഒരു പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് നേടുകയോ ചെയ്യാത്ത പക്ഷം പ്രാക്റ്റീസിന് അവകാശമുണ്ടായിരിക്കുന്നതല്ല.

(2) പ്രാക്റ്റീസിന് അവകാശമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഒരു അംഗം വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിൽ ഒരു അപേക്ഷ സമർപ്പിക്കേണ്ടതും പ്രാക്റ്റീസ് സർട്ടിഫിക്കറ്റിനുവേണ്ടി അങ്ങനെയുള്ള വാർഷിക ഫീസ് നൽകേണ്ടതും അങ്ങനെയുള്ള ഫീസ് ഓരോ വർഷവും ഏപ്രിൽ ഒന്നാം തീയതിക്കോ അതിന് മുമ്പോ നൽകേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ ലഭിച്ച പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള സാഹചര്യങ്ങളിൽ സമിതിയാൽ റദ്ദുചെയ്യപ്പെടാവുന്നതാണ്.

10. അംഗങ്ങൾ ആക്ച്വറീസായി അറിയപ്പെടണമെന്ന്.—ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാക്റ്റീസിലുള്ള ഓരോ അംഗത്തിനും മറ്റേതെങ്കിലും അംഗത്തിനും, ഒരു ആക്ച്വറിയുടെ ഉദ്യോഗപ്പേര് ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള ഉദ്യോഗപ്പേര് ഉപയോഗിക്കുന്ന യാതൊരു അംഗവും മറ്റേതെങ്കിലും ഉദ്യോഗപ്പേര് അതിനുപരിയായിട്ടോ അതിന് പകരമായിട്ടോ ഉപയോഗിക്കാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും അംഗത്തെ, സമിതിയാൽ ഇതിലേക്കായി അംഗീകരിക്കപ്പെടാവുന്ന പ്രകാരം ഭാരതത്തിലോ മറ്റെവിടെയായാലും അങ്ങനെയുള്ള മറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗത്വം സൂചിപ്പിക്കാൻ, അയാളുടെ പേരിനോട് മറ്റേതെങ്കിലും വിവരണമോ, അക്ഷരങ്ങളോ അതിന് അവകാശപ്പെട്ടതാണെങ്കിൽ അയാൾ ആർജിച്ചിട്ടുള്ളതായ മറ്റേതെങ്കിലും യോഗ്യതയോ കൂട്ടിച്ചേർക്കുന്നതിൽ നിന്നും തടയുന്നതായോ, എല്ലാ പങ്കാളികളും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളായിരിക്കുകയും പ്രാക്റ്റീസിലായിരിക്കുകയും ചെയ്യുന്ന ഒരു ഫേമിനെ ആക്ച്വറിയായി അതിന്റെ ഫേം നാമത്താൽ അറിയപ്പെടുന്നതിൽ നിന്നും തടയുന്നതായോ കരുതപ്പെടാൻ പാടില്ലാത്തതാകുന്നു.

11. അയോഗ്യതകൾ.—6-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരാൾ, അയാൾ,—

(ക) രജിസ്റ്ററിൽ തന്റെ പേര് ചേർക്കുന്നതിനായി അയാളുടെ അപേക്ഷയുടെ സമയത്ത് ഇരുപത്തിയൊന്ന് വയസ്സ് തികഞ്ഞിട്ടില്ലെങ്കിലോ;

(ഖ) ചിത്തഭ്രമമുള്ളതും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം വിധിച്ചിട്ടുള്ളതുമാണെങ്കിലോ;

(ഗ) ഒരു അവിമുക്ത നിർദ്ധനനാണെങ്കിലോ;

(ഘ) ഒരു വിമുക്ത നിർദ്ധനനായിരിക്കുകയും തന്റെ നിർദ്ധനത്വം ദൗർഭാഗ്യത്താൽ ഉണ്ടായതാണെന്നും അയാളുടെ ഭാഗത്തുള്ള ഏതെങ്കിലും നടപടിദൂഷ്യത്താലല്ലെന്നും പ്രസ്താവിച്ചുകൊണ്ടുള്ള, ഒരു സാക്ഷ്യപത്രം കോടതിയിൽ നിന്നും കരസ്ഥമാക്കാതിരിക്കുകയാണെങ്കിലോ;

(ങ) ഭാരതത്തിനകത്തോ പുറത്തോ ആയാലും സാന്മാർഗ്ഗികാധഃപതനം ഉൾപ്പെടുന്നതും തടവോടുകൂടി ശിക്ഷിക്കപ്പെടേണ്ടതുമായ ഒരു കുറ്റത്തിന് ക്ഷമതയുള്ള ഒരു കോടതിയാൽ ശിക്ഷിക്കപ്പെടുകയോ വൃത്തിപരമായ നിലയിൽ അയാളാൽ ചെയ്യപ്പെട്ട ഒരു സാങ്കേതിക സ്വഭാവമുള്ളതല്ലാത്ത കുറ്റവുമായി ബന്ധപ്പെട്ട് അയാൾക്ക് മാപ്പ് നൽകപ്പെടുകയോ അല്ലെങ്കിൽ ഇതിലേക്കായി അയാളാൽ നല്കപ്പെട്ട ഒരു അപേക്ഷയിന്മേൽ, കേന്ദ്ര സർക്കാർ, രേഖാമൂലമുള്ള ഒരു ഉത്തരവാൽ അയോഗ്യത നീക്കുകയോ ചെയ്തിട്ടില്ലെങ്കിലോ;

(ച) വൃത്തിപരമായതോ മറ്റ് നടപടിദൂഷ്യത്തിനോ അപരാധിയാക്കപ്പെടുന്നതായി അന്വേഷണത്തിൽ കാണപ്പെടുന്നതിന്മേൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗത്വത്തിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടെങ്കിലോ;

അയാളുടെ പേര് രജിസ്റ്ററിൽ ചേർക്കപ്പെടുവാനോ വഹിക്കപ്പെടുവാനോ അവകാശമുണ്ടായിരിക്കുന്നതല്ല:

എന്നാൽ, വിനിർദ്ദേശിക്കപ്പെട്ട ഒരു കാലയളവിലേക്ക് അംഗത്വത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരാൾക്ക് അങ്ങനെയുള്ള കാലാവധി തീരുന്നതുവരെ രജിസ്റ്ററിൽ അയാളുടെ പേര് ചേർക്കപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

12. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമിതിയുടെ ഘടന.—(1) ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യങ്ങളുടെ നടത്തിപ്പിനും ഈ ആക്റ്റിനാലോ അതിൻകീഴിലോ അതിന് ഏല്പിച്ച് കൊടുത്തിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനുമായി, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സമിതി ഉണ്ടായിരിക്കുന്നതാണ്.

(2) സമിതി താഴെപ്പറയുന്ന ആളുകൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫെലോയാലും അസോസിയേറ്റ് അംഗങ്ങളാലും തെരഞ്ഞെടുക്കപ്പെടേണ്ട ഫെലോ അംഗങ്ങൾക്കിടയിൽ നിന്നും കുറഞ്ഞത് ഒൻപതും പന്ത്രണ്ടിൽ കൂടാത്തതുമായ അംഗങ്ങൾ:

എന്നാൽ, ഏതെങ്കിലും വൃത്തി സംബന്ധിയായതോ മറ്റ് നടപടി ദൂഷ്യത്തിനോ അപരാധിയായി കണ്ടെത്തിയതും രജിസ്റ്ററിൽ നിന്നും പേര് നീക്കിയതും അല്ലെങ്കിൽ പിഴ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട തുമായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ഫെലോ,—

(i) ഈ ആക്റ്റിന്റെ പട്ടികയിൻകീഴിൽ വരുന്ന (ഭാഗം IV (ഖ) ഒഴികെ) നടപടി ദൂഷ്യത്തിന്റെ സംഗതിയിൽ, മൂന്ന് വർഷത്തെ ഒരു കാലയളവിലേക്ക്; അല്ലെങ്കിൽ

(ii) ഈ ആക്റ്റിന്റെ പട്ടികയുടെ ഭാഗം IV (ഖ)-യിൻ കീഴിൽ വരുന്ന നടപടി ദൂഷ്യത്തിന്റെ സംഗതിയിൽ, ആറ് വർഷത്തെ ഒരു കാലയളവിലേക്കോ, രജിസ്റ്ററിൽ നിന്നും ഫെലോയുടെ പേര് നീക്കം ചെയ്യുന്നതിന്റെ കാലയളവ് തീർന്നതിനോ പിഴ ഒടുക്കിയതിനോ ശേഷം, അതത് സംഗതി പോലെ,

തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ അർഹനായിരിക്കുന്നതല്ല;

(ഖ) (i) ധനമന്ത്രാലയത്തെ പ്രതിനിധീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ii) ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി ആക്റ്റ്, 1999 പ്രകാരം രൂപീകരിക്കപ്പെട്ട ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നും കേന്ദ്ര സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ;

(iii) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ, സമിതിക്ക് ഉപയോഗപ്രദമായേക്കാവുന്ന, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള രീതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ലൈഫ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ്, ധനകാര്യം, സാമ്പത്തിക ശാസ്ത്രം, നിയമം, അക്കൗണ്ടൻസി എന്നീ മേഖലകളിൽ അല്ലെങ്കിൽ മറ്റേതെങ്കിലും വിഷയത്തിൽ അറിവുള്ള രണ്ടിൽ കൂടാത്ത ആളുകൾ:

എന്നാൽ, ഈ ആക്റ്റുപ്രകാരം സമിതി രൂപീകരിക്കപ്പെടുന്ന അങ്ങനെയുള്ള സമയം വരെ, ആക്ചേറിയൽ സംഘത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി, എല്ലാ ചുമതലകളും നിറവേറ്റേണ്ടതും സമിതിയുടെ എല്ലാ അധികാരങ്ങളും അതിന് ഉണ്ടായിരിക്കുന്നതുമാണ്.

(3) കേന്ദ്ര സർക്കാരിന്റെയോ ഒരു സംസ്ഥാന സർക്കാരിന്റെയോ കീഴിൽ, അതതു സംഗതി പോലെ, ഒരു പദവി വഹിക്കുന്ന യാതൊരാളും (2)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിന് അർഹനായിരിക്കുന്നതല്ല.

(4) (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സമിതിയുടെ മൂന്നിലൊന്ന് അംഗങ്ങൾ ആവർത്തന ക്രമമനുസരിച്ച് ഓരോ രണ്ടാമത്തെ വർഷം അവസാനിക്കുന്നതിന്മേൽ കഴിയുന്നത്ര വേഗം വിരമിക്കേണ്ടതും എന്നാൽ വീണ്ടും തെരഞ്ഞെടുക്കുന്നതിന് അർഹനായിരിക്കുന്നതുമാണ്.

(5) (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരാളും, കേന്ദ്ര സർക്കാരിനാൽ നേരത്തെ നീക്കം ചെയ്യപ്പെടാത്ത പക്ഷം അയാളുടെ നാമനിർദ്ദേശത്തിന്റെ തീയതി മുതൽ ആറ് വർഷ കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതും പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്:

എന്നാൽ, അങ്ങനെയുള്ള നീക്കം ചെയ്യലിന് മുമ്പ് അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകേണ്ടതാണ്.

3/2708/2011/DTP.

13. വാർഷിക പൊതുയോഗങ്ങൾ.—സമിതി ഓരോ വർഷവും 12-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ അംഗങ്ങളെ തെരഞ്ഞെടുക്കുവാനോ അതിന് ഉചിതമെന്ന് തോന്നുന്ന ഏതെങ്കിലും കാര്യം ചർച്ച ചെയ്യുവാനോ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു വാർഷിക പൊതുയോഗം നടത്തേണ്ടതും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു വാർഷിക പൊതുയോഗത്തിന്റെ തീയതിയും അടുത്തതിന്റെ തീയതിയും തമ്മിൽ പതിനഞ്ച് മാസങ്ങൾ കവിയുവാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ, നിശ്ചയിക്കപ്പെട്ട ദിവസം മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന് പതിനെട്ട് മാസങ്ങൾ അധികരിക്കാത്ത ഒരു കാലയളവിനുള്ളിൽ അതിന്റെ ആദ്യത്തെ വാർഷിക പൊതുയോഗം നടത്താവുന്നതും ആ കാലയളവിനുള്ളിൽ പൊതുയോഗം നടത്തപ്പെടുകയാണെങ്കിൽ, ആ വർഷം ഏതെങ്കിലും പൊതുയോഗം ഇൻസ്റ്റിറ്റ്യൂട്ട് നടത്തേണ്ട ആവശ്യമില്ലാത്തതുമാകുന്നു:

എന്നുമാത്രവുമല്ല, കേന്ദ്ര സർക്കാരിന്, മതിയായ കാരണങ്ങളാൽ, ഏതെങ്കിലും പൊതുയോഗം നടത്തപ്പെടേണ്ട സമയം ദീർഘിപ്പിക്കാവുന്നതാണ്.

14. സമിതിയിലേക്കുള്ള വീണ്ടും തെരഞ്ഞെടുപ്പ്.—(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, 12-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ തെരഞ്ഞെടുക്കപ്പെട്ട സമിതിയുടെ ഒരംഗം രണ്ടിലധികരിക്കാത്ത തുടർച്ചയായ കാലാവധിയിലേക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതാണ്.

(2) 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ പ്രസിഡന്റായി തെരഞ്ഞെടുത്തതോ, തെരഞ്ഞെടുക്കപ്പെട്ടതോ ആയ സമിതിയുടെ ഒരംഗം, സമിതിയുടെ ഒരംഗമായിട്ടുള്ള തെരഞ്ഞെടുപ്പിനോ നാമനിർദ്ദേശത്തിനോ അർഹനായിരിക്കുന്നതല്ല.

15. തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള തർക്കങ്ങളുടെ തീർപ്പാക്കൽ.—12-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം ഏതെങ്കിലും തെരഞ്ഞെടുപ്പ് സംബന്ധിച്ച ഏതെങ്കിലും തർക്കത്തിന്റെ സംഗതിയിൽ, ആവലാതിക്കാരനായ ആൾ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്ന തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം ഒരു അപേക്ഷ സമിതിക്ക് സമർപ്പിക്കാവുന്നതും അത് ഉടനെ കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

16. ട്രിബ്യൂണൽ സ്ഥാപിക്കൽ.—(1) 15-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും അപേക്ഷ ലഭിക്കുന്നതിന്മേൽ, കേന്ദ്ര സർക്കാർ, വിജ്ഞാപനം വഴി, അങ്ങനെയുള്ള തർക്കം തീരുമാനിക്കുന്നതിന് ആദ്ധ്യക്ഷ്യം വഹിക്കുന്ന ഒരു ഉദ്യോഗസ്ഥനും മറ്റ് രണ്ട് അംഗങ്ങളും അടങ്ങുന്ന ഒരു ട്രിബ്യൂണൽ സ്ഥാപിക്കേണ്ടതും അങ്ങനെയുള്ള ട്രിബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കേണ്ടതുമാണ്.

(2) ഒരാൾ,—

(ക) ഇന്ത്യൻ ലീഗൽ സർവീസിന്റെ ഒരംഗമായിരിക്കുകയും ഏറ്റവും കുറഞ്ഞത് മൂന്ന് വർഷക്കാലത്തേക്ക് സർവ്വീസിന്റെ I-ാം ഗ്രേഡിലുള്ള ഒരു തസ്തിക വഹിക്കുകയും ചെയ്യാത്ത പക്ഷം ട്രിബ്യൂണലിന്റെ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഒരു ഉദ്യോഗസ്ഥനായും;

(ഖ) ഏറ്റവും കുറഞ്ഞ ഒരു പൂർണ്ണ കാലാവധിക്ക് സമിതിയുടെ ഒരംഗമായിരിക്കാത്തതും സമിതിയുടെ ഒരു സിറ്റിംഗ് അംഗമല്ലാത്തതും അല്ലെങ്കിൽ തർക്കത്തിലുള്ള തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയല്ലാതിരുന്നതുമായ ഏതൊരാളും ഒരു അംഗമായും;

(ഗ) ഭാരത സർക്കാരിന്റെ ഒരു ജോയിന്റ് സെക്രട്ടറിയുടെ തസ്തികയോ ഭാരത സർക്കാരിന്റെ ഒരു ജോയിന്റ് സെക്രട്ടറിയുടെ തസ്തികയുടെ ശമ്പളസ്കെയിലിൽ കുറയാത്ത കേന്ദ്ര സർക്കാരിൻകീഴിലുള്ള മറ്റേതെങ്കിലും തസ്തികയോ വഹിക്കാത്ത പക്ഷം അയാൾ ഒരു അംഗമായും;

നിയമനത്തിന് യോഗ്യനായിരിക്കുന്നതല്ല.

(3) ട്രിബ്യൂണലിന്റെ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഉദ്യോഗസ്ഥന്റെയും അംഗങ്ങളുടെയും സേവന നിബന്ധനകളും ഉപാധികളും, അവരുടെ യോഗങ്ങളുടെ സ്ഥലവും വേതനവും ബത്തകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(4) ട്രിബ്യൂണലിന്റെ ചെലവുകൾ സമിതിയാൽ വഹിക്കപ്പെടേണ്ടതാണ്.

17. <u>പ്രസിഡന്റും വൈസ് പ്രസിഡന്റും ഓണററി സെക്രട്ടറിയും.</u>—(1) സമിതി, അതിന്റെ ആദ്യ യോഗത്തിൽ, 12-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വ്യക്തികൾക്കിടയിൽ നിന്നും അതിന്റെ മൂന്ന് അംഗങ്ങളെ യഥാക്രമം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഓണററി സെക്രട്ടറി ആയി തെരഞ്ഞെടുക്കേണ്ടതും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഓണററി സെക്രട്ടറി എന്നിവരുടെ ഉദ്യോഗത്തിൽ ഒഴിവ് ഉണ്ടാകുമ്പോഴൊക്കെ സമിതി അതേ രീതിയിൽ അംഗങ്ങളിൽ ഒരാളെ തെരഞ്ഞെടുക്കേണ്ടതുമാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് ശേഷം ആക്ചേറിയൽ സംഘത്തിന്റെ സമിതിയുടെ ചെയർപേഴ്സൺ ഈ ഉപവകുപ്പിലെ വ്യവസ്ഥകളിൻപ്രകാരം ഒരു പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന അങ്ങനെയുള്ള സമയം വരെ പ്രസിഡന്റായി ഉദ്യോഗം വഹിക്കുന്നത് തുടരേണ്ടതാണ്.

(2) പ്രസിഡന്റ് സമിതിയുടെ മുഖ്യ എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കേണ്ടതാണ്.

(3) പ്രസിഡന്റോ വൈസ് പ്രസിഡന്റോ ഓണററി സെക്രട്ടറിയോ അയാൾ സമിതിയുടെ അംഗമായി തുടരുന്നു എങ്കിൽ അയാൾ തെരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ രണ്ട് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(4) പ്രസിഡന്റും വൈസ് പ്രസിഡന്റും അയാളുടെ ഉദ്യോഗ കാലാവധി അവസാനിച്ചിരുന്നാൽ തന്നെയും അയാളുടെ പിൻഗാമി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം വഹിക്കുന്നത് തുടരേണ്ടതാണ്.

(5) പ്രസിഡന്റിന്റെ ഉദ്യോഗത്തിൽ ഏതെങ്കിലും ഒഴിവ് ഉണ്ടാകുന്ന സന്ദർഭത്തിൽ, അങ്ങനെയുള്ള ഒഴിവ് നികത്തുന്നതിന് ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുകയും അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതുവരെ വൈസ് പ്രസിഡന്റ് പ്രസിഡന്റ് ആയി പ്രവർത്തിക്കേണ്ടതാണ്.

(6) അസാന്നിദ്ധ്യമോ അസുഖമോ മറ്റ് ഏതെങ്കിലും കാരണത്താലോ പ്രസിഡന്റിന് അയാളുടെ കർത്തവ്യങ്ങൾ നിർവഹിക്കുവാൻ കഴിയാതിരിക്കുമ്പോൾ പ്രസിഡന്റ് അയാളുടെ കർത്തവ്യങ്ങൾ വീണ്ടും ഏറ്റെടുക്കുന്നതുവരെ അയാളുടെ ചുമതലകൾ വൈസ് പ്രസിഡന്റ് നിർവഹിക്കേണ്ടതാണ്.

18. <u>അംഗത്വത്തിൽ നിന്നും രാജി വയ്ക്കലും യാദൃശ്ചികമായ ഒഴിവ് നികത്തലും.</u>—(1) സമിതിയിലെ ഏതൊരു അംഗത്തിനും ഏതൊരു സമയത്തും എഴുതി കൈയൊപ്പ് വച്ച് പ്രസിഡന്റിനെ അറിയിച്ച് അയാളുടെ അംഗത്വം രാജി വയ്ക്കാവുന്നതും അങ്ങനെയുള്ള രാജി സമിതിയാൽ അംഗീകരിച്ച് വിജ്ഞാപനം ചെയ്യപ്പെടുമ്പോൾ അങ്ങനെയുള്ള അംഗത്തിന്റെ സ്ഥാനം ഒഴിഞ്ഞു കിടക്കുന്നതുമാണ്.

(2) 12-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗമല്ലാത്ത സമിതിയിലെ ഒരംഗം, സമിതിയുടെ അല്ലെങ്കിൽ സമിതിയാൽ രൂപീകരിക്കപ്പെട്ടിട്ടുള്ളതും അയാൾ ഒരംഗമായിരിക്കുന്നതുമായ ഏതെങ്കിലും കമ്മിറ്റികളിൽ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ മതിയായ കാരണമില്ലാതെ ഹാജരായില്ലെന്ന് സമിതിയാൽ പ്രഖ്യാപിക്കപ്പെടുകയാണെങ്കിലോ ഏതെങ്കിലും വൃത്തിസംബന്ധമായതോ മറ്റ് നടപടി ദൂഷ്യത്തിനോ അയാൾ കുറ്റം ചെയ്തതായി കാണുകയും പിഴ ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലോ ഏതെങ്കിലും കാരണത്താൽ 24-ഉം, 30-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം അയാളുടെ പേര് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടെങ്കിലോ അയാൾ തന്റെ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

(3) സമിതിയിലെ ഒരംഗത്തിന്റെ ഉദ്യോഗസ്ഥാനത്തിലെ യാദൃശ്ചികമായ ഒരു ഒഴിവ് പുതിയ തെരഞ്ഞെടുപ്പ് അല്ലെങ്കിൽ നാമനിർദ്ദേശം വഴി കേന്ദ്ര സർക്കാരിനാൽ നികത്തേണ്ടതും, അതത് സംഗതി പോലെ, ഒഴിവ് നികത്തുന്നതിനായി തെരഞ്ഞെടുത്തതോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്തതോ ആയ ആൾ, ഏതു അംഗത്തിന്റെ സ്ഥാനത്തേക്കാണോ അയാളെ തെരഞ്ഞെടുത്തത് അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്തത് ആ അംഗം ഉദ്യോഗം വഹിക്കുമായിരുന്ന ശേഷിക്കുന്ന കാലാവധിക്ക് മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള അംഗത്തിന്റെ കാലാവധി അവസാനിക്കുന്ന തീയതിക്ക് മുമ്പുള്ള ഒരു വർഷത്തിനുള്ളിൽ ഉണ്ടാകുന്ന യാദൃശ്ചിക ഒഴിവ് നികത്തുന്നതിന് യാതൊരു തെരഞ്ഞെടുപ്പും നടത്തേണ്ടതില്ല.

(4) സമിതിയിൽ ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നുള്ള അല്ലെങ്കിൽ രൂപീകരണത്തിൽ ന്യൂനതയുണ്ടെന്നുള്ള കാരണത്താൽ മാത്രം സമിതിയുടെ യാതൊരു പ്രവൃത്തിയും ചോദ്യം ചെയ്യാവുന്നതല്ല.

19. സമിതിയുടെ ചുമതലകൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചുമതലകൾ നടപ്പിലാക്കേണ്ട കർത്തവ്യം സമിതിയിൽ നിക്ഷിപ്തമായിരിക്കേണ്ടതാണ്.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും സമിതിയുടെ ചുമതലകളിൽ,—

(ക) എൻറോൾമെന്റിന് വേണ്ടി അപേക്ഷകർക്ക് പരീക്ഷ നടത്തുക, അതിന്റെ ഫീസ് നിർദ്ദേശിക്കുക;

(ഖ) രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി യോഗ്യതകൾ നിർദ്ദേശിക്കുക;

(ഗ) എൻറോൾമെന്റിന്റെ ആവശ്യത്തിനായി വിദേശ യോഗ്യതകളുടെയും പരിശീലനത്തിന്റെയും അംഗീകാരം;

(ഘ) ഈ ആക്റ്റിൻകീഴിൽ പ്രാക്റ്റീസിന്റെ സർട്ടിഫിക്കറ്റ് നൽകുക അല്ലെങ്കിൽ നൽകുന്നത് നിരസിക്കൽ;

(ങ) ആക്ചറീസ് ആയി പ്രാക്റ്റീസ് ചെയ്യുവാൻ യോഗ്യരായ ആളുകളുടെ രജിസ്റ്റർ വച്ചു പോരുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(ച) അംഗങ്ങൾ, വിദ്യാർത്ഥികൾ, പരീക്ഷാർത്ഥികൾ, മറ്റ് വ്യക്തികൾ എന്നിവരിൽ നിന്നും ഫീസ് ചുമത്തലും ശേഖരിക്കലും;

(ഛ) രജിസ്റ്ററിൽ നിന്നും പേരുകൾ നീക്കം ചെയ്യലും നീക്കം ചെയ്യപ്പെട്ട പേരുകൾ രജിസ്റ്ററിൽ പുനഃസ്ഥാപിക്കലും;

(ജ) ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളുടെ വൃത്തിപരമായ യോഗ്യതയുടെ നിലവാരവും പദവിയും ക്രമപ്പെടുത്തലും വച്ചുപോരലും;

(ഝ) വിദ്യാർത്ഥികളായ അംഗങ്ങൾ ഉൾപ്പെടെയുള്ള അംഗങ്ങളുടെ പാലനത്തിന് വേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക;

(ഞ) കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരുകളിൽ നിന്നും ദാനങ്ങൾ, ഗ്രാന്റുകൾ, സംഭാവനകൾ അല്ലെങ്കിൽ സഹായധനങ്ങൾ സ്വീകരിക്കുകയും അതത് സംഗതിപോലെ, ഒസ്യത്തുകർത്താവ്, ദാനദാതാക്കൾ അല്ലെങ്കിൽ കൈമാറ്റം ചെയ്യുന്നവരിൽ നിന്നും ഒസ്യത്തുകളും സംഭാവനകളും ജംഗമമോ സ്ഥാവരമോ ആയ വസ്തുക്കൾ കൈമാറ്റം ചെയ്തു സ്വീകരിക്കുക;

(ട) ഇൻസ്റ്റിറ്റ്യൂട്ടിനോട് പൂർണ്ണമായോ ഭാഗികമായോ സദൃശമായ ലക്ഷ്യങ്ങളുള്ള ലോകത്തിന്റെ ഏതെങ്കിലും ഭാഗത്തുള്ള വിദ്യാഭ്യാസപരമായ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളുമായി അംഗങ്ങളെ കൈമാറ്റം ചെയ്തും സാമാന്യമായി അവരുടെ പൊതുവായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന അങ്ങനെയുള്ള രീതിയിലും സഹകരിക്കുക;

(ഠ) ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും സമ്മാനങ്ങളും മെഡലുകളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക;

(ഡ) ഇൻസ്റ്റിറ്റ്യൂട്ടിനോട് സദൃശമായ ലക്ഷ്യങ്ങളുള്ള മറ്റ് സ്ഥാപനങ്ങൾക്കോ നികായങ്ങൾക്കോ ദാനങ്ങൾ, ഗ്രാന്റുകൾ, സംഭാവനകൾ അല്ലെങ്കിൽ സഹായങ്ങൾ നൽകുക;

(ഢ) സമിതിയിലെ അംഗങ്ങൾ അല്ലാത്ത ആളുകൾക്ക് സാമ്പത്തികസഹായം നൽകിക്കൊണ്ട് അല്ലെങ്കിൽ മറ്റ് ഏതെങ്കിലും രീതിയിൽ ആക്ചേറിയൽ സയൻസിൽ ഗവേഷണം നടപ്പിലാക്കുക;

(ണ) ആക്ചേറിയൽ സയൻസുമായി ബന്ധപ്പെട്ട പുസ്തകങ്ങളും, ബുക്കുകളും, ജേർണലുകളും, ആനുകാലികങ്ങളും പ്രസിദ്ധീകരിക്കുകയും ഒരു ലൈബ്രറി വച്ചുപോരുകയും ചെയ്യുക;

(ത) ഈ ആക്റ്റിനാൽ നൽകപ്പെട്ടിട്ടുള്ള അച്ചടക്കപരമായ അധികാരങ്ങൾ പ്രയോഗിക്കുക;

(ഥ) കാലാകാലങ്ങളിൽ തീരുമാനിക്കുന്നതായ അങ്ങനെയുള്ള പ്രാദേശിക സമിതിയോ സമിതികളോ സ്ഥാപിക്കുക അല്ലെങ്കിൽ അവയുടെ ആസ്ഥാനം നിജപ്പെടുത്തുക;

(ദ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ലക്ഷ്യങ്ങൾ നേടുന്നതിന്, സാന്ദർഭികമായതോ ഉപകരിക്കുന്നതിന് ആവശ്യമായതോ ആയ അങ്ങനെയുള്ള എല്ലാ കാര്യങ്ങളും ചെയ്യുക,

എന്നിവ ഉൾപ്പെടേണ്ടതാണ്.

20. സ്റ്റാഫും വേതനവും ബത്തകളും.—(1) സമിതിക്ക് വിനിർദ്ദേശിക്കാവുന്ന രീതിയിൽ അതിന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനുവേണ്ടി—

(ക) അതിന് ആവശ്യമെന്ന് കരുതുന്ന വിധം ഒരു എക്സിക്യൂട്ടീവ് ഡയറക്ടറേയും, ഒരു ട്രഷററേയും, അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കാവുന്നതും അവരുടെ ശമ്പളവും ഫീസും ബത്തകളും മറ്റ് സേവനവ്യവസ്ഥകളും നിജപ്പെടുത്താവുന്നതും;

(ഖ) സമിതിയുടെ പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും ഓണററി സെക്രട്ടറിയുടെയും മറ്റ് അംഗങ്ങളുടെയും അതിന്റെ കമ്മിറ്റികളുടെയും ബത്തകൾ നിജപ്പെടുത്താവുന്നതും, ആണ്.

(2) സമിതിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമിതിയുടെ യോഗങ്ങളിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കും. എന്നാൽ, അവിടെ വോട്ടിന് അവകാശമുണ്ടായിരിക്കുന്നതല്ല.

21. സമിതിയുടെ കമ്മിറ്റികൾ.—(1) സമിതി അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും അങ്ങനെയുള്ള കമ്മിറ്റികൾ രൂപീകരിക്കേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ഉദ്ദേശ്യത്തിന് ആവശ്യമാണെന്ന് അത് കരുതുന്ന വിധം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളല്ലാത്ത വ്യക്തികളെ കോ-ഓപ്റ്റ് ചെയ്യാവുന്നതുമാണ്:

എന്നാൽ, കോ-ഓപ്റ്റ് ചെയ്ത അംഗങ്ങളുടെ എണ്ണം കമ്മിറ്റിയുടെ ആകെ അംഗത്വത്തിന്റെ മൂന്നിലൊന്നിൽ കൂടുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ രൂപീകരിച്ച ഓരോ കമ്മിറ്റിയും അതിന്റെ ചെയർമാനെ തെരഞ്ഞെടുക്കേണ്ടതാണ്:

എന്നാൽ,—

(i) അങ്ങനെയുള്ള കമ്മിറ്റിയിൽ പ്രസിഡന്റ് ഒരു അംഗമായിരിക്കുന്നിടത്ത്, അയാൾ അങ്ങനെയുള്ള കമ്മിറ്റിയുടെ ചെയർമാൻ ആകേണ്ടതും അയാളുടെ അഭാവത്തിൽ, വൈസ് പ്രസിഡന്റ്, അയാൾ അങ്ങനെയുള്ള കമ്മിറ്റിയുടെ അംഗമാണെങ്കിൽ അതിന്റെ ചെയർമാനാകേണ്ടതും;

(ii) അങ്ങനെയുള്ള കമ്മിറ്റിയിൽ പ്രസിഡന്റ് ഒരു അംഗമല്ലാതിരിക്കുകയും എന്നാൽ വൈസ് പ്രസിഡന്റ് ഒരു അംഗവുമാണെങ്കിൽ അയാൾ അതിന്റെ ചെയർമാൻ ആകേണ്ടതാണ്.

(3) കമ്മിറ്റികൾ അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതും വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതുമാണ്.

22. സമിതിയുടെ ധനകാര്യങ്ങൾ.—(1) സമിതിയുടെ നിയന്ത്രണത്തിലും നടത്തിപ്പിനുംകീഴിൽ ഒരു നിധി ഏർപ്പെടുത്തേണ്ടതും സമിതി സ്വീകരിച്ച എല്ലാ തുകകളും (സംഭാവനകളും ഗ്രാന്റുകളും ഉൾപ്പെടെയുള്ളത്) അതിലേക്ക് കൊടുക്കേണ്ടതും സമിതി നേരിട്ടിട്ടുള്ള എല്ലാ ചെലവുകളും ബാദ്ധ്യതകളും അതിൽ നിന്നും വഹിക്കേണ്ടതുമാണ്.

3/2708/2011/DTP.

(2) സമിതി തത്സമയം നിധിയുടെ വരവിലുള്ള ഏതു പണവും അങ്ങനെയുള്ള നിക്ഷേപത്തിന്റെ സുരക്ഷിതത്വത്തിന്റെയും അതിന്മേലുള്ള പരമാവധി പ്രതിഫലത്തിന്റെയും സംഗതമായ പരിഗണന വിവേകപൂർവ്വമാണെന്ന് അത് കരുതുന്ന ഏതൊരു ഈടുപത്രത്തിലും നിക്ഷേപിക്കാവുന്നതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി "ഈടുപത്രങ്ങൾ" എന്ന പദപ്രയോഗത്തിന് കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട സെക്യൂരിററീസ് കോൺട്രാക്ററ്സ് (റെഗുലേഷൻ) ആക്ററ്, 1956-ന്റെ (1956-ലെ 42) 2-ാം വകുപ്പിൽ നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

(3) റവന്യൂ അക്കൗണ്ടുകളിൽ നിന്നും മൂലധന അക്കൗണ്ടുകളെ വകതിരിച്ച് കാണിച്ച് നിധിയുടെ ശരിയായ അക്കൗണ്ടുകൾ സമിതി സൂക്ഷിക്കേണ്ടതാണ്.

(4) ഇൻസ്ററിററ്യൂട്ടിന്റെ വാർഷിക കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആക്ററ്, 1949-ന്റെ (1949-ലെ 38) അർത്ഥത്തിനുള്ളിൽ വർഷംതോറും സമിതിയാൽ നിയമിക്കപ്പെട്ട പ്രാക്റ്റീസുള്ള ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ആഡിററിന് വിധേയമായിരിക്കേണ്ടതാണ്:

എന്നാൽ, സമിതിയിലെ ചാർട്ടേർഡ് അക്കൗണ്ടന്റായ യാതൊരംഗവും അല്ലെങ്കിൽ അങ്ങനെയുള്ള അംഗവുമായി പങ്കാളിത്തമുള്ള യാതൊരാളും ഈ ഉപവകുപ്പിൻകീഴിൽ ഒരു ആഡിററായുള്ള നിയമനത്തിന് അർഹനായിരിക്കുന്നതല്ല.

(5) ഓരോ വർഷത്തിന്റെയും അവസാനത്തിൽ പ്രായോഗികമായി കഴിയുന്നത്രവേഗം എന്നാൽ തൊട്ടടുത്ത് വരുന്ന വർഷത്തിന്റെ സെപ്ററംബർ 30-ാം തീയതിക്കപ്പുറമാകാതെ, ആ വർഷത്തെ സമിതിയുടെ ആഡിററ് ചെയ്ത കണക്കുകളുടെയും റിപ്പോർട്ടിന്റെയും ഒരു പകർപ്പ് ഭാരതത്തിന്റെ ഗസറ്റിൽ സമിതി, പ്രസിദ്ധപ്പെടുത്താനിടയാക്കേണ്ടതും മുൻപറഞ്ഞ കണക്കുകളുടെയും റിപ്പോർട്ടിന്റെയും പകർപ്പുകൾ കേന്ദ്ര സർക്കാരിനും ഇൻസ്ററിററ്യൂട്ടിലെ എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതുമാണ്.

(6) റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ററ്, 1934 (1934-ലെ 2)-ൽ നിർവ്വചിച്ച പോലെ ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും പൊതു ധനകാര്യ സ്ഥാപനത്തിൽ നിന്നോ—

(ക) മൂലധന കണക്കിന്മേലുള്ള അതിന്റെ ബാദ്ധ്യതകൾ തീർക്കുന്നതിനുവേണ്ടി ഏതെങ്കിലും പണം ആവശ്യമാകുമ്പോൾ നിധിയുടെ ഈടിന്മേലോ തത്സമയം അതിന് സ്വന്തമായിട്ടുള്ള മറേറതെങ്കിലും ആസ്തികളിന്മേലുള്ള ഈടിന്മേലോ; അല്ലെങ്കിൽ

(ഖ) നിലവിലുള്ള ബാദ്ധ്യതകൾ തീർക്കാനുള്ള ആവശ്യത്തിലേക്ക് വരുമാനത്തിന്റെ ലഭ്യത നിലവിലിരിക്കെ താത്കാലിക വായ്പയോ ഓവർ ഡ്രാഫ്റ്റോ വഴി

സമിതിക്ക് കടമെടുക്കാവുന്നതാണ്.

വിശദീകരണം.—"പൊതുധനകാര്യ സ്ഥാപനം" എന്ന പദപ്രയോഗത്തിന് കമ്പനീസ് ആക്റ്റ്, 1956 (1956-ലെ 1)-ന്റെ 4 ക വകുപ്പിൽ വിനിർദ്ദേശിച്ച ഒരു ധനകാര്യസ്ഥാപനം എന്നർത്ഥമാകുന്നു.

## അദ്ധ്യായം III

## അംഗങ്ങളുടെ രജിസ്റ്റർ

23. രജിസ്റ്റർ.—(1) ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളുടെ ഒരു രജിസ്റ്റർ വിനിർദ്ദേശിച്ച രീതിയിൽ സമിതി വച്ചുപോരേണ്ടതാണ്.

(2) രജിസ്റ്ററിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഓരോ അംഗത്തേയുംകുറിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടേണ്ടതാണ്, അതായത്:—

(ക) അയാളുടെ പൂർണ്ണമായ പേര്, ജനനത്തീയതി, സ്ഥിരവാസം, വാസസംബന്ധമോ വൃത്തിസംബന്ധമോ ആയ മേൽവിലാസങ്ങൾ;

(ഖ) ഏത് തീയതിയിലാണ് അയാളുടെ പേര് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്;

(ഗ) അയാളുടെ യോഗ്യതകൾ;

(ഘ) പ്രാക്റ്റീസിന്റെ സാക്ഷ്യപത്രം അയാൾ കൈവശം വച്ചിട്ടുണ്ടോ;

(ങ) വിനിർദ്ദേശിക്കപ്പെടാവുന്ന മറ്റ് ഏതെങ്കിലും വിവരങ്ങൾ.

(3) സമിതി ഓരോ വർഷവും ഏപ്രിൽ 1-ാം തീയതി നിലവിലുള്ളപ്രകാരം അങ്ങനെയുള്ള രീതിയിൽ വിനിർദ്ദേശിക്കപ്പെട്ട അംഗങ്ങളുടെ ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കാനിടയാക്കേണ്ടതും അങ്ങനെയുള്ള ഏതെങ്കിലും അംഗം അപ്രകാരം ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളപക്ഷം അങ്ങനെയുള്ള ലിസ്റ്റിന്റെ ഒരു പകർപ്പ് വിനിർദ്ദേശിക്കപ്പെട്ട അങ്ങനെയുള്ള തുക നല്കുന്നതിന്മേൽ അയാൾക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(4) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓരോ അംഗവും രജിസ്റ്ററിൽ അയാളുടെ പേര് ചേർക്കപ്പെട്ടതിന്മേൽ സമിതിയാൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള വാർഷിക അംഗത്വ ഫീസ് കൊടുക്കേണ്ടതാണ്.

24. <u>രജിസ്റ്ററിൽനിന്നും പേര് നീക്കം ചെയ്യൽ.</u>—ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതെങ്കിലും അംഗത്തിന്റെ പേര്,—

(ക) അയാൾ മരണപ്പെട്ടിട്ടുണ്ടെങ്കിലോ;

(ഖ) അപ്രകാരം ചെയ്യണമെന്ന് ആരിൽനിന്നെങ്കിലും ഒരു അഭ്യർത്ഥന ലഭിച്ചിട്ടുണ്ടെങ്കിലോ;

(ഗ) അയാളാൽ അടയ്ക്കേണ്ടതായിട്ടുള്ള വിനിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും ഫീസ് അയാൾ അടയ്ക്കാതിരുന്നിട്ടുണ്ടെങ്കിലോ;

(ഘ) അയാളുടെ പേര് രജിസ്റ്ററിൽ ചേർക്കുന്ന സമയത്ത്, 11-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും അയോഗ്യതകൾക്ക് അയാൾ വിധേയനായിട്ടുണ്ടെന്ന് കാണപ്പെടുന്നുണ്ടെങ്കിലോ അതിനുശേഷം ഏതെങ്കിലും സമയത്ത് അയാൾ വിധേയനാവുകയാണെങ്കിലോ;

(ങ) അയാളുടെ പേര് രജിസ്റ്ററിൽ ചേർക്കാനുള്ള അവകാശം മറ്റേതെങ്കിലും കാരണത്താൽ അയാൾക്ക് ഇല്ലാതാവുകയോ ചെയ്താൽ

സമിതിക്ക് ഉത്തരവുവഴി രജിസ്റ്ററിൽനിന്നും നീക്കം ചെയ്യാവുന്നതാണ്.

25. <u>രജിസ്റ്ററിൽ വീണ്ടും ചേർക്കൽ.</u>—വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളും ആവശ്യങ്ങളും ബോദ്ധ്യപ്പെട്ടശേഷവും അങ്ങനെയുള്ള ഫീസ് കൊടുത്തതിന്മേലും ഒരു ഉത്തരവ് വഴി 24-ാം വകുപ്പ് (ഖ), (ഗ), (ഘ) യും (ങ) യും ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ രജിസ്റ്ററിൽനിന്നും ആരുടെ പേരാണോ നീക്കം ചെയ്തിട്ടുള്ളത് ആ അംഗത്തിന്റെ പേര് സമിതിക്ക് വീണ്ടും ചേർക്കാവുന്നതാണ്.

## അദ്ധ്യായം IV

### നടപടിദൂഷ്യം

26. <u>അച്ചടക്കസംബന്ധമായ കമ്മിറ്റി.</u>—(1) സമിതിയുടെ പ്രസിഡന്റോ വൈസ് പ്രസിഡന്റോ അദ്ധ്യക്ഷനായും സമിതിയാൽ തെരഞ്ഞെടുക്കപ്പെട്ട സമിതിയുടെ രണ്ട് അംഗങ്ങളും, നിയമം, വിദ്യാഭ്യാസം, സാമ്പത്തികശാസ്ത്രം, കച്ചവടം, ധനകാര്യം, അക്കൗണ്ടൻസി അല്ലെങ്കിൽ പൊതുഭരണം എന്നീ മേഖലകളിൽ അനുഭവജ്ഞാനമുള്ള ശ്രേഷ്ഠരായ വ്യക്തികളിൽനിന്നും കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട രണ്ടംഗങ്ങളും അടങ്ങുന്ന അച്ചടക്കസംബന്ധമായ ഒരു കമ്മിറ്റിയെ സമിതി രൂപീകരിക്കേണ്ടതാണ്:

എന്നാൽ, അതിനു യുക്തമെന്നു കരുതുമ്പോൾ കൂടുതൽ പ്രാദേശിക അച്ചടക്കസംബന്ധമായ കമ്മിറ്റികൾ സമിതിക്ക് രൂപീകരിക്കാവുന്നതാണ്:

(2) ഈ ആക്റ്റിൻകീഴിലെ വ്യവസ്ഥകൾപ്രകാരം അച്ചടക്കസംബന്ധമായ കമ്മിറ്റി അന്വേഷണവിചാരണ നടത്തുന്നതിന് അങ്ങനെയുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

27. പ്രോസിക്യൂഷൻ ഡയറക്ടറുടെ നിയമനം.—(1) ഈ ആക്റ്റിൻകീഴിലെ വ്യവസ്ഥകൾ പ്രകാരം സമിതിയാൽ സ്വീകരിച്ചിട്ടുള്ള ഏതെങ്കിലും വിവരമോ അല്ലെങ്കിൽ പരാതിയോ സംബന്ധിച്ച് അന്വേഷണ വിചാരണ നടത്തുന്നതിന് അച്ചടക്കസംബന്ധമായ കമ്മിറ്റിയെ സഹായിക്കുന്നതിന് ഒരു പ്രോസിക്യൂഷൻ ഡയറക്ടറെയും അങ്ങനെയുള്ള മറ്റ് ജീവനക്കാരെയും വിജ്ഞാപനംവഴി സമിതിക്ക് നിയമിക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിലെ വ്യവസ്ഥകൾപ്രകാരം അന്വേഷണവിചാരണ നടത്തുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമം പ്രോസിക്യൂഷൻ ഡയറക്ടർ അനുവർത്തിക്കേണ്ടതാണ്.

28. അധികാരസ്ഥാനത്തിനും സമിതിക്കും അച്ചടക്കസംബന്ധമായ കമ്മിറ്റിക്കും പ്രോസിക്യൂഷൻ ഡയറക്ടർക്കും സിവിൽ കോടതിക്കുള്ള അധികാരം ഉണ്ടായിരിക്കുമെന്ന്.—അധികാരസ്ഥാനത്തിനും അച്ചടക്കസംബന്ധമായ കമ്മിറ്റിക്കും പ്രോസിക്യൂഷൻ ഡയറക്ടർക്കും ഈ ആക്റ്റിൻകീഴിലെ വ്യവസ്ഥകൾപ്രകാരം അന്വേഷണ വിചാരണ നടത്തുന്ന ആവശ്യത്തിലേക്കായി താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ, അതായത്:—

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും ശപഥത്തിന്മേൽ വിസ്തരിക്കുന്നതിനും;

(ഖ) ഏതെങ്കിലും രേഖ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും;

(ഗ) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും

ഉണ്ടായിരിക്കുന്നതാണ്.

29. അച്ചടക്കസംബന്ധമായ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ സമിതിയാലുള്ള നടപടി.—(1) അച്ചടക്കസംബന്ധമായ കമ്മിറ്റിയിൽനിന്നും ഒരു റിപ്പോർട്ട് കിട്ടുന്നതിന്മേൽ ഏതെങ്കിലും വൃത്തിസംബന്ധമായതോ മറ്റ് നടപടിദൂഷ്യമോകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗം അപരാധിയാണെന്ന് സമിതിക്ക് ബോദ്ധ്യമാകുകയാണെങ്കിൽ, അതിന്റെ തീരുമാനങ്ങൾ അതനുസരിച്ച് രേഖപ്പെടുത്തേണ്ടതും 30-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസരിച്ച് തുടർന്ന് പ്രവർത്തിക്കേണ്ടതുമാണ്.

(2) അച്ചടക്കസംബന്ധമായ കമ്മിറ്റിയുടെ റിപ്പോർട്ട് സമിതിക്ക് ബോദ്ധ്യപ്പെടാത്ത സംഗതിയിലും കൂടുതൽ അന്വേഷണവിചാരണ അതിന് ആവശ്യമാണെന്ന അഭിപ്രായമുള്ളപ്പോഴും സമിതിയുടെ ഒരു ഉത്തരവുവഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കൂടുതൽ അന്വേഷണ വിചാരണയ്ക്കുവേണ്ടി അതിന് വീണ്ടും അച്ചടക്കസംബന്ധമായ കമ്മിറ്റിക്ക് റിപ്പോർട്ട് അയച്ചു കൊടുക്കാവുന്നതാണ്.

(3) അച്ചടക്കസംബന്ധമായ കമ്മിറ്റിയുടെ തീരുമാനങ്ങളിന്മേൽ സമിതി വിയോജിക്കുകയാണെങ്കിൽ, പ്രോസിക്യൂഷൻ ഡയറക്ടർക്ക് നിർദ്ദേശം നല്കുകയോ അല്ലെങ്കിൽ അതിനുതന്നെ അധികാരസ്ഥാനത്തിന് അപ്പീൽ കൊടുക്കുകയോ ചെയ്യാവുന്നതാണ്.

30. അംഗത്തിന് പറയുവാനുള്ളത് പറയുവാൻ അവസരം നല്കണമെന്ന്.—പട്ടികയിൽ പറഞ്ഞിട്ടുള്ള വൃത്തിപരമായതോ അല്ലെങ്കിൽ മറ്റ് നടപടിദൂഷ്യമോകൊണ്ട് ഒരംഗം അപരാധിയാണെന്ന അഭിപ്രായമുള്ളിടത്ത്, അയാൾക്കെതിരെ ഏതെങ്കിലും ഉത്തരവ് ഉണ്ടാക്കുന്നതിനുമുമ്പ് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നല്കേണ്ടതും അതിനുശേഷം താഴെപ്പറയുന്ന ഒന്നോ അതിൽ കൂടുതലോ നടപടികൾ എടുക്കാവുന്നതുമാണ്, അതായത്:—

(ക) അംഗത്തിന് കർക്കശമായ താക്കീത് നൽകുക; അല്ലെങ്കിൽ

(ഖ) അംഗത്തിന്റെ പേര് രജിസ്റ്ററിൽനിന്നും സ്ഥിരമായോ അതിന് യുക്തമെന്നുതോന്നുന്ന അങ്ങനെയുള്ള കാലയളവിലേക്കോ നീക്കം ചെയ്യുക;

(ഗ) അതിന് യുക്തമെന്നു തോന്നുന്ന അഞ്ചു ലക്ഷം രൂപവരെയാകാവുന്ന അങ്ങനെയുള്ള പിഴ ചുമത്തുക.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, " ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗം" എന്നതിൽ അന്വേഷണവിചാരണസമയത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗമല്ലാതിരുന്നാലും നടപടിദൂഷ്യം ആരോപിക്കപ്പെട്ട തീയതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു അംഗമായിരുന്ന ആളും ഉൾപ്പെടുന്നതാണ്.

31. വൃത്തിപരമോ മറ്റ് നടപടിദൂഷ്യമോ നിർവ്വചിച്ചിരിക്കണമെന്ന്.—ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി "വൃത്തിപരം അല്ലെങ്കിൽ മറ്റ് നടപടിദൂഷ്യം" എന്ന പദപ്രയോഗത്തിന്, പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയോ അല്ലെങ്കിൽ കൃത്യവിലോപമോ ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതും, ഏതെങ്കിലും മറ്റ് സാഹചര്യങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഏതെങ്കിലും അംഗത്തിന്റെ സ്വഭാവത്തെപ്പറ്റി അന്വേഷണവിചാരണ ചെയ്യുന്നതിന് അച്ചടക്കസംബന്ധമായ കമ്മിറ്റിക്കോ പ്രോസിക്യൂഷൻ ഡയറക്ടർക്കോ നല്കപ്പെട്ടിട്ടുള്ള അധികാരമോ ചുമതലയോ ഏതെങ്കിലുംവിധത്തിൽ പരിമിതപ്പെടുത്താനോ വെട്ടിക്കുറയ്ക്കുവാനോ ഈ വകുപ്പിലെ യാതൊന്നിനും അർത്ഥം കല്പിക്കേണ്ടതില്ല.

## അദ്ധ്യായം V

## അപ്പീലുകൾ

32. അപ്പീൽ അധികാരസ്ഥാനത്തിന്റെ രൂപീകരണം.—ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി, ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആക്റ്റ്, 1949 (1949-ലെ 38)-ലെ 22 ക വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച അപ്പീൽ അധികാരസ്ഥാനം, മേൽപറഞ്ഞ (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിന്, താഴെപ്പറയുന്ന ഖണ്ഡം പകരം ചേർക്കപ്പെട്ടിരിക്കുന്നുവെന്ന ഭേദഗതിക്കു വിധേയമായി അപ്പീൽ അധികാരസ്ഥാനമായി കരുതപ്പെടേണ്ടതാണ്, അതായത്:—

"(ഖ) കേന്ദ്രസർക്കാർ, വിജ്ഞാപനംവഴി, കുറഞ്ഞത് ഒരു പൂർണ്ണ കാലാവധിക്ക് ആക്ചറീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമിതിയിലെ അംഗങ്ങളായവരും സമിതിയിലെ സിറ്റിംഗ് അംഗങ്ങളല്ലാത്തവരുമായ ആളുകളിൽനിന്നും രണ്ട് പാർട്ട് ടൈം അംഗങ്ങളെ നിയമിക്കേണ്ടതാണ്;".

33. അധികാരസ്ഥാനത്തിലെ അംഗങ്ങളുടെ ഉദ്യോഗ കാലാവധി.—ഒരു അംഗമായി നിയമിക്കപ്പെട്ട ഒരാൾ അയാൾ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലാവധിക്കോ അല്ലെങ്കിൽ അറുപത്തിയേഴ് വയസ്സ് തികയുന്നതുവരെയോ അതിൽ ഏതാണോ ആദ്യം അതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

34. അധികാരസ്ഥാനത്തിലെ അംഗങ്ങളുടെ ബത്തകൾ, സേവന ഉപാധികൾ, നടപടിക്രമങ്ങൾ മുതലായവ.—ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആക്റ്റ്, 1949-ലെ 22 ഗ വകുപ്പിലെയും 22 ഘ വകുപ്പിലെയും 22 ച വകുപ്പിലേയും വ്യവസ്ഥകൾ അധികാരസ്ഥാനത്തിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ബത്തകളും സേവനനിബന്ധനകളും ഉപാധികളും സംബന്ധിച്ചും ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആക്റ്റ്, 1949-ൻകീഴിലെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ബാധകമാകുന്നതുപോലെ ഈ ആക്റ്റിൻകീഴിലെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും ബാധകമാകുന്നതാണ്.

35. അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.—(1) അധികാരസ്ഥാനത്തിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും അധികാരസ്ഥാനത്തിന് സമിതി ലഭ്യമാക്കേണ്ടതാണ്.

(2) അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും സേവനനിബന്ധനകളും വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ളപ്രകാരമായിരിക്കേണ്ടതാണ്.

3/2708/2011/DTP.

36. <u>അധികാരസ്ഥാനത്തിലേക്കുള്ള അപ്പീലുകൾ.</u>—(1) 30-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ശിക്ഷകൾ അയാളിൽ ചുമത്തിക്കൊണ്ടുള്ള സമിതിയുടെ ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിലെ ഏതെങ്കിലും അംഗത്തിന് ആ ഉത്തരവ് അറിയിച്ച തീയതി മുതൽ തൊണ്ണൂറു ദിവസത്തിനകം, അധികാരസ്ഥാനത്തിന് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്പീൽ യഥാസമയം ഫയൽ ചെയ്യാത്തതിന് മതിയായ കാരണമുണ്ടെന്ന് അതിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, മുൻപറഞ്ഞ തൊണ്ണൂറ് ദിവസക്കാലയളവ് കഴിഞ്ഞതിനുശേഷവും അങ്ങനെയുള്ള ഏതെങ്കിലും അപ്പീൽ അധികാരസ്ഥാനത്തിന് സ്വീകരിക്കാവുന്നതാണ്.

(2) അധികാരസ്ഥാനത്തിന് ഏതെങ്കിലും കേസിൽ രേഖകൾ ആവശ്യപ്പെട്ടതിനുശേഷം 30-ാം വകുപ്പുപ്രകാരം സമിതി പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവ്, അധികാരസ്ഥാനത്തിന് പുതുക്കാവുന്നതും—

(ക) ഉത്തരവ് സ്ഥിരീകരിക്കുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ അസ്ഥിരപ്പെടുത്തുകയോ;

(ഖ) ഏതെങ്കിലും പിഴശിക്ഷ ചുമത്തുകയോ അസ്ഥിരപ്പെടുത്തുകയോ ഉത്തരവിനാൽ പിഴശിക്ഷ ചുമത്തിയത് കുറയ്ക്കുകയോ കൂട്ടുകയോ;

(ഗ) അധികാരസ്ഥാനം കേസിന്റെ സാഹചര്യങ്ങൾ ഉചിതമായി പരിഗണിച്ചുകൊണ്ട് അങ്ങനെയുള്ള കൂടുതൽ അന്വേഷണത്തിനുവേണ്ടി അച്ചടക്കസംബന്ധമായ കമ്മിറ്റിക്ക് അയയ്ക്കുകയോ; അല്ലെങ്കിൽ

(ഘ) അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് ഉത്തരവ് പാസ്സാക്കുകയോ;

ചെയ്യാവുന്നതുമാണ് :

എന്നാൽ, ഏതെങ്കിലും ഉത്തരവ് പാസ്സാക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം അധികാരസ്ഥാനം നല്കേണ്ടതാണ്.

## അദ്ധ്യായം VI

## **<u>പിഴശിക്ഷകൾ</u>**

37. <u>ഒരു അംഗമാണെന്ന് തെറ്റായി അവകാശപ്പെടുന്നതിനുള്ള പിഴശിക്ഷ മുതലായവ.</u>—10-ാം വകുപ്പിലെ വ്യവസ്ഥകൾക്കുവിധേയമായി, ഏതെങ്കിലും ആൾ,—

(ക) ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു അംഗം അല്ലാതെ,—

(i) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു അംഗമായി പ്രതിനിധാനം ചെയ്യുക; അല്ലെങ്കിൽ

(ii) "ആക്ചറി" എന്ന സ്ഥാനപ്പേര് ഉപയോഗിക്കുക; അല്ലെങ്കിൽ

(iii) അയാളുടെ പേരിനുശേഷം "<u>എ</u> <u>ഐ</u> <u>എ</u> <u>ഐ</u>" അല്ലെങ്കിൽ "<u>എഫ്</u> <u>ഐ</u> <u>എ</u> <u>ഐ</u>" എന്ന അക്ഷരങ്ങൾ ഉപയോഗിക്കുക; അല്ലെങ്കിൽ

(iv) ഒരു ആക്ചറിവൃത്തി പ്രാക്റ്റീസ് ചെയ്യുക; അല്ലെങ്കിൽ

(ഖ) ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു അംഗമായും, പക്ഷേ, പ്രാക്റ്റീസിന്റെ സാക്ഷ്യപത്രം ഇല്ലാതെ അയാൾ പ്രാക്റ്റീസ് പ്രതിനിധാനം ചെയ്യുക അല്ലെങ്കിൽ ആക്ചറിയായി പ്രാക്റ്റീസ് ചെയ്യുകയാണെങ്കിൽ,

ആദ്യ കുറ്റസ്ഥാപനത്തിന്മേൽ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അതിനുശേഷമുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിന്മേൽ ഒരു വർഷത്തോളമാകാവുന്ന തടവോ അല്ലെങ്കിൽ രണ്ടു ലക്ഷം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

38. സ്ഥാപനത്തിന്റെ പേര് ഉപയോഗിക്കുന്നതിനും ആക്ചേറിയൽ സയൻസിന്റെ ഡിഗ്രികൾ മുതലായവ നല്കുന്നതിനും ഉള്ള പിഴശിക്ഷ.—(1) ഈ ആക്റ്റിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ യാതൊരാളും,—

(ക) പൊതുജനങ്ങളെ കബളിപ്പിക്കുന്നതിനോ കബളിപ്പിക്കുവാൻ സാദ്ധ്യതയുള്ളതുമായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൊതുമുദ്രയോട് സാമ്യമുള്ള അല്ലെങ്കിൽ അതിനോട് അടുത്ത സാദൃശ്യമുള്ള ഒരു പേരോ ഒരു പൊതുമുദ്രയോ ഉപയോഗിക്കുകയോ;

(ഖ) ഏതെങ്കിലും ഡിഗ്രി, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് നല്കൽ അഥവാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു അംഗത്തിന്റെതെന്നപോലെ ആക്ചറിവൃത്തിയുടെ ഏതെങ്കിലും സ്ഥാനം അഥവാ ഏതെങ്കിലും യോഗ്യത അല്ലെങ്കിൽ ക്ഷമത നേടിയതിനെ സൂചിപ്പിക്കുന്ന അല്ലെങ്കിൽ സൂചിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ഉദ്യോഗപ്പേര് പ്രദാനം ചെയ്യുകയോ;

(ഗ) എന്തുതന്നെ ആയിരുന്നാലും ഏതെങ്കിലും രീതിയിൽ ആക്ചറീസ് വൃത്തിയുടെ ക്രമപ്പെടുത്തൽ ആവശ്യപ്പെടുകയോ

ചെയ്യുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും അയാൾക്കെതിരായി എടുത്തേക്കാവുന്ന മറ്റ് ഏതെങ്കിലും നടപടികൾക്ക് ഭംഗംവരാതെ ആദ്യകുറ്റസ്ഥാപനത്തിൻമേൽ അമ്പതിനായിരം രൂപയോളമാകാവുന്ന പിഴയോ, പിന്നീടുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷത്തോളമാകാവുന്ന തടവോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും ഏതെങ്കിലും സർവ്വകലാശാലയ്ക്കോ നിയമത്താൽ സ്ഥാപിക്കപ്പെട്ട മറ്റ് സ്ഥാപനത്തിനോ ഈ ഇൻസ്റ്റിറ്റ്യൂട്ടുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട ഏതെങ്കിലും നികായത്തിനോ ബാധകമാകുന്നതല്ല.

39. കമ്പനികൾ ആക്ചേറിയൽ പ്രാക്റ്റീസിൽ ഏർപ്പെടരുതെന്ന്.—(1) ഭാരതത്തിലോ മറ്റെവിടെയെങ്കിലുമോ ഏകാംഗീകൃതമായ യാതൊരു കമ്പനിയും ആക്ചറീസായി പ്രാക്റ്റീസ് ചെയ്യുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏത് കമ്പനിയും ആദ്യകുറ്റസ്ഥാപനത്തിന് പതിനായിരം രൂപയോളമാകാവുന്ന പിഴയ്ക്കും പിന്നീടുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിൻമേൽ ഇരുപത്തിയയ്യായിരം രൂപയോളമാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

40. യോഗ്യതയില്ലാത്ത ആൾ രേഖകൾ ഒപ്പുവയ്ക്കരുതെന്ന്.—(1) ഇൻസ്റ്റിറ്റ്യൂട്ടിലെ ഫെലോ അംഗമല്ലാത്ത യാതൊരാളും പ്രാക്റ്റീസ് ചെയ്യുന്ന ആക്ചറിക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ആക്ചറീസിന്റെ ഫേമിനുവേണ്ടിയോ അയാളുടെ അല്ലെങ്കിൽ അതിന്റെ വൃത്തിപരമായ നിലയിൽ ഏതെങ്കിലും രേഖകളിൽ ഒപ്പുവയ്ക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും അയാൾക്ക് എതിരായി എടുത്തേക്കാവുന്ന മറ്റ് ഏതെങ്കിലും നടപടികൾക്ക് ഭംഗംവരാതെ ആദ്യകുറ്റസ്ഥാപനത്തിൻമേൽ അമ്പതിനായിരം രൂപയോളമാകാവുന്ന പിഴയോ പിന്നീടുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷംവരെയാകാവുന്ന തടവോ അല്ലെങ്കിൽ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

41. കമ്പനികളാലുള്ള കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റം ചെയ്യുന്നയാൾ ഒരു കമ്പനിയാണെങ്കിൽ, കമ്പനിയും അതുപോലെതന്നെ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി അതിന്റെ ചാർജ് ഉണ്ടായിരുന്നതും ഉത്തരവാദിയായിരുന്നതുമായ ഓരോ ആളും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും അതിനെതിരായി നടപടി എടുക്കപ്പെടുവാനും അതനുസരിച്ച് ശിക്ഷിക്കപ്പെടുവാനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള യാതൊരാളെയും കുറ്റം ചെയ്യപ്പെട്ടത് അയാളുടെ അറിവ് കൂടാതെയാണെന്നും അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുവാൻ അയാൾ വേണ്ട എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്ന് തെളിയിക്കുന്നുവെങ്കിൽ അങ്ങനെയുള്ള യാതൊരു ശിക്ഷയ്ക്കും ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദ ത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും ഒരു ഫേമോ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം, ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

42. പ്രോസിക്യൂട്ട് ചെയ്യുവാനുള്ള അനുവാദം.—സമിതിയുടെയോ കേന്ദ്രസർക്കാരിന്റെയോ പരാതിയിന്മേലോ ഉത്തരവിൻകീഴിലോ അല്ലാതെ ഈ ആക്റ്റിൻകീഴിൽ യാതൊരാളെയും പ്രോസിക്യൂട്ട് ചെയ്യുവാൻ പാടുള്ളതല്ല.

## അദ്ധ്യായം VII

## ഗുണനിലവാര പുനഃപരിശോധനാ ബോർഡ്

43. ഗുണനിലവാര പുനഃപരിശോധനാ ബോർഡിന്റെ സ്ഥാപനം.—(1) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, ഒരു ചെയർമാനും നാലിൽ കൂടാത്ത അംഗങ്ങളും അടങ്ങിയ ഒരു ഗുണനിലവാര പുനഃപരിശോധനാ ബോർഡ് രൂപീകരിക്കേണ്ടതാണ്:

എന്നാൽ, രണ്ട് അംഗങ്ങളോടുകൂടി രൂപീകരിച്ച ബോർഡിന്റെ കാര്യത്തിൽ, യഥാക്രമം സമിതിയാലും കേന്ദ്രസർക്കാരിനാലും ഒരാളെവീതം നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) നിയമം, വിദ്യാഭ്യാസം, സാമ്പത്തികശാസ്ത്രം, കച്ചവടം, ധനകാര്യം, അക്കൗണ്ടൻസി അല്ലെങ്കിൽ പൊതുഭരണം എന്നീ മേഖലകളിൽ ശ്രേഷ്ഠതയും അനുഭവജ്ഞാനവുമുള്ളവരുടെ ഇടയിൽനിന്നും ബോർഡിന്റെ ചെയർപേഴ്സണെയും അംഗങ്ങളെയും നിയമിക്കേണ്ടതുമാണ്.

(3) ബോർഡിന്റെ രണ്ട് അംഗങ്ങൾ സമിതിയാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതും മറ്റ് രണ്ട് അംഗങ്ങൾ കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതുമാണ്.

44. ബോർഡിന്റെ ചുമതലകൾ.—ബോർഡ് താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളാൽ ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുക;

(ഖ) ആക്ച്വേറിയൽ ആഡിറ്റ് സർവ്വീസുകൾ ഉൾപ്പെടെയുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളാൽ ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങളുടെ ഗുണനിലവാരം പുനഃപരിശോധിക്കുക; കൂടാതെ,

(ഗ) ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങൾക്ക് സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിവിധ നിയമപ്രകാരമുള്ളവയും മറ്റ് റെഗുലേറ്ററിയുമായ ആവശ്യകതകൾ പാലിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നല്കുക.

45. ബോർഡിന്റെ നടപടിക്രമം.—ബോർഡ് അതിന്റെ യോഗത്തിലും അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമം പാലിക്കേണ്ടതാണ്.

46. ബോർഡിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിബന്ധനകളും ഉപാധികളും.—ബോർഡിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും സേവനനിബന്ധനകളും ഉപാധികളും അവരുടെ യോഗങ്ങളുടെ സ്ഥലവും, വേതനവും ബത്തകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ളപ്രകാരം ആയിരിക്കേണ്ടതാണ്.

47. ബോർഡിന്റെ ചെലവുകൾ.—ബോർഡിന്റെ ചെലവുകൾ സമിതി വഹിക്കേണ്ടതാണ്.

## അദ്ധ്യായം VIII

## സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്ത ഭാരതത്തിന്റെ ആക്ചേറിയൽ സംഘത്തിന്റെ പിരിച്ചുവിടൽ

48. ഭാരതത്തിന്റെ ആക്ചേറിയൽ സംഘത്തിന്റെ പിരിച്ചുവിടൽ.—നിശ്ചയിക്കപ്പെട്ട ദിവസം,—

(ക) സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-ഉം ബോംബെ പബ്ളിക് ട്രസ്റ്റ് ആക്റ്റ്, 1950 (1950-ലെ XXXIX-ാം ബോംബെ ആക്റ്റ്)-ഉം പ്രകാരം രജിസ്റ്റർ ചെയ്ത ഭാരതത്തിന്റെ ആക്ചേറിയൽ സംഘം എന്നറിയപ്പെടുന്ന സംഘം പിരിച്ചുവിട്ടതായി കണക്കാക്കേണ്ടതും അതിനുശേഷം യാതൊരാളും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിനുവേണ്ടി ആവശ്യമാകുന്നത്രത്തോളമൊഴികെ പിരിച്ചുവിട്ട സംഘങ്ങൾക്ക് എതിരെ അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ ഏതെങ്കിലും അവകാശവാദങ്ങളോ ആവശ്യങ്ങളോ നടപടികളോ ഉന്നയിക്കുകയോ ഉറപ്പിച്ചു പറയുകയോ എടുക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല;

(ഖ) ഓരോ അംഗത്തിന്റെ അല്ലെങ്കിൽ പിരിച്ചുവിട്ട സംഘത്തെ സംബന്ധിച്ച അവകാശം ഇല്ലാതാകുന്നതും അതിനുശേഷം യാതൊരംഗവും ഈ ആക്റ്റിൽ വ്യവസ്ഥചെയ്തിട്ടുള്ളതൊഴികെ ആ സംഘത്തെ സംബന്ധിച്ച് ഏതെങ്കിലും അവകാശവാദങ്ങളോ അവകാശങ്ങളോ നടപടികളോ ഉന്നയിക്കുകയോ ഉറപ്പിച്ചു പറയുകയോ ചെയ്യുവാൻ പാടുള്ളതല്ല.

49. പിരിച്ചുവിട്ട സംഘത്തിന്റെ ജീവനക്കാരെ സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് പിരിച്ചുവിട്ട സംഘത്തിൽ നിയോജിക്കപ്പെട്ടിരുന്നതും അതിന്റെ നിയോജനത്തിൽ തുടരുന്നതുമായ ഓരോ ആളും അങ്ങനെയുള്ള പ്രാരംഭം മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ജീവനക്കാരനായിത്തീരുകയും അതിൽ തന്റെ ഉദ്യോഗമോ സേവനമോ ഈ ആക്റ്റ് പാസ്സായിട്ടില്ലായിരുന്നുവെങ്കിൽ പിരിച്ചുവിട്ട സംഘത്തിൻകീഴിൽ അയാൾ വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ ഉപാധിയിലും നിബന്ധനകളിന്മേലും സേവനവിരാമത്തെ സംബന്ധിച്ച അവകാശങ്ങളും ആനുകൂല്യങ്ങളും വഹിക്കേണ്ടതും ഇൻസ്റ്റിറ്റ്യൂട്ട് അയാളുടെ നിയോജനം അവസാനിപ്പിക്കുന്നതുവരെയോ അയാളുടെ വേതനവും നിയോജനത്തിന്റെ ഉപാധികളും നിബന്ധനകളും ഇൻസ്റ്റിറ്റ്യൂട്ട് മുറപ്രകാരം മാറ്റുന്നതുവരെയോ തുടരേണ്ടതുമാണ്.

(2) വ്യാവസായികതത്തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ലോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പിരിച്ചുവിട്ട സംഘത്തിലെ ഏതെങ്കിലും ജീവനക്കാരന്റെ സേവനം ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറ്റം ചെയ്താൽ അങ്ങനെയുള്ള ജീവനക്കാരനെ ആ ആക്റ്റിന്റെയോ മറ്റ് നിയമത്തിന്റെയോ കീഴിൽ ഏതെങ്കിലും നഷ്ടപരിഹാരത്തിന് അവകാശമുള്ളവനാക്കാത്തതും അങ്ങനെയുള്ള അവകാശവാദങ്ങൾ ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ മറ്റ് അധികാരസ്ഥാനമോ സ്വീകരിക്കാൻ പാടില്ലാത്തതുമാണ്.

3/2708/2011/DTP.

## അദ്ധ്യായം IX

### പലവക

50. ആക്ചറിയാൽ ഒന്നിൽ കൂടുതൽ ആഫീസുകളുടെ പരിപാലനം.—(1) പ്രാക്റ്റീസിലുള്ള ഒരു ആക്ചറിയോ അങ്ങനെയുള്ള ആക്ചറീസിന്റെ ഒരു ഫേമിനോ ഒന്നിൽ കൂടുതൽ ആഫീസുകൾ ഭാരതത്തിനകത്തോ പുറത്തോ ഉള്ളിടത്ത് അങ്ങനെയുള്ള ഓരോ ആഫീസിനും ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു ഫെലോ അംഗത്തിന്റെ പ്രത്യേക ചാർജ്ജ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, അനുയോജ്യമായ സംഗതിയിൽ ഏതെങ്കിലും പ്രാക്റ്റീസിലുള്ള ആക്ചറിയെയോ അങ്ങനെയുള്ള ആക്ചറീസിന്റെ ഫേമിനെയോ ഈ ഉപവകുപ്പിന്റെ പ്രവർത്തനത്തിൽ നിന്നും സമിതിക്ക് ഒഴിവാക്കാവുന്നതാണ്.

(2) പ്രാക്റ്റീസിലുള്ള ഓരോ ആക്ചറിയും അല്ലെങ്കിൽ ഒന്നിൽ കൂടുതൽ ആഫീസുകൾ നിലനിർത്തുന്ന അങ്ങനെയുള്ള ആക്ചറീസിന്റെ ഒരു ഫേമും ആഫീസുകളുടെയും അവയുടെ ചാർജ്ജുള്ള ആളുടെയും ഒരു ലിസ്റ്റ് സമിതിക്ക് അയച്ചുകൊടുക്കേണ്ടതും അതുമായി ബന്ധപ്പെട്ടുള്ള ഏതെങ്കിലും മാറ്റങ്ങൾ സമിതിയെ അറിയിച്ചുകൊണ്ടിരിക്കേണ്ടതുമാണ്.

51. പരസ്പര പ്രവർത്തനം.—(1) കേന്ദ്ര സർക്കാരിനാൽ ഇതിലേക്കായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും രാജ്യം ഭാരതീയ സ്ഥിരവാസമുള്ള ആളുകളെ ഇൻസ്റ്റിറ്റ്യൂട്ടിന് സദൃശ്യമായ ഏതെങ്കിലും സ്ഥാപനത്തിലെ അംഗങ്ങളാകുന്നതിൽനിന്നോ ആക്ചറീസ് വൃത്തി പ്രാക്റ്റീസ് ചെയ്യുന്നതിൽനിന്നോ ആ രാജ്യത്ത് അന്യായമായ വിവേചനത്തിന് അവരെ വിധേയമാക്കി വിലക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള യാതൊരു രാജ്യത്തേയും യാതൊരു പൗരനും ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരംഗമാകുന്നതിനോ ഭാരതത്തിൽ ആക്ചറീസ് വൃത്തി പ്രാക്റ്റീസ് ചെയ്യുന്നതിനോ അവകാശമുണ്ടായിരിക്കുന്നതല്ല.

(2) രജിസ്റ്ററിൽ ചേർക്കുന്ന ആവശ്യങ്ങൾക്കായി ആക്ചേറിയൽ സയൻസിനെ സംബന്ധിക്കുന്ന വിദേശയോഗ്യതകൾ അംഗീകരിക്കേണ്ടതിന് വിധേയമായിരിക്കേണ്ട വ്യവസ്ഥകൾ ഏതെങ്കിലും ഉണ്ടെങ്കിൽ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സമിതിക്ക് വിനിർദ്ദേശിക്കാവുന്നതാണ്.

52. നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരങ്ങൾ.—(1) ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി, കേന്ദ്ര സർക്കാർ അപ്പോഴപ്പോൾ അതിന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള പൊതുവായോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾ സമിതിക്ക് നൽകാവുന്നതും ഈ ആക്റ്റിൻകീഴിലെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അങ്ങനെയുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് സമിതി പ്രവർത്തിക്കേണ്ടതുമാണ്.

(2) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ നിർദ്ദേശങ്ങൾ സമിതി നടപ്പാക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുകയാണെങ്കിൽ, സമിതിക്ക് പറയുവാനുള്ളത് പറയുവാനൊരവസരം നൽകിയശേഷം, വിജ്ഞാപനംവഴി, അതിന്, സമിതിയെ പിരിച്ചുവിടാവുന്നതും അതിനുശേഷം ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച്, കേന്ദ്ര സർക്കാരിനാൽ തീരുമാനിക്കപ്പെടാവുന്ന അങ്ങനെയുള്ള തീയതി മുതലുള്ള പ്രാബല്യത്തോടെ ഒരു പുതിയ സമിതി രൂപീകരിക്കേണ്ടതുമാണ്.

(3) കേന്ദ്ര സർക്കാർ (2)-ാം ഉപവകുപ്പ് പ്രകാരം സമിതി പിരിച്ചുവിട്ടുകൊണ്ടുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു പുതിയ സമിതിയുടെ രൂപീകരണം നിലവിലിരിക്കെ, അതിന്, സമിതിയുടെ നടത്തിപ്പിന്റെ കാര്യങ്ങൾ ഏറ്റെടുക്കുന്നതിനും വിജ്ഞാപനത്തിൽ പരാമർശിച്ചേക്കാവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കുന്നതിനും ഏതെങ്കിലും വ്യക്തിയെയോ, വ്യക്തികളുടെ നികായത്തെയോ അധികാരപ്പെടുത്താവുന്നതാണ്.

53. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ റെഗുലേഷനോ വിജ്ഞാപനമോ നിർദ്ദേശമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെങ്കിലും വേണ്ടി കേന്ദ്രസർക്കാരിനോ സമിതിക്കോ അച്ചടക്ക സംബന്ധമായ കമ്മിറ്റിക്കോ ട്രിബ്യൂണലിനോ അധികാരസ്ഥാനത്തിനോ ബോർഡിനോ പ്രോസിക്യൂഷൻ ഡയറക്ടർക്കോ അല്ലെങ്കിൽ ആ സർക്കാരിന്റെയോ സമിതിയുടെയോ കമ്മിറ്റിയുടെയോ അധികാരസ്ഥാനത്തിന്റെയോ ട്രിബ്യൂണലിന്റെയോ ബോർഡിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

54. അംഗങ്ങൾ മുതലായവർ പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.—ചെയർപേഴ്സണും, ആദ്ധ്യക്ഷ്യം വഹിക്കുന്ന ഉദ്യോഗസ്ഥനും, അംഗങ്ങളും അധികാരസ്ഥാനത്തിലെയും ട്രിബ്യൂണലിലെയും ബോർഡിലെയും മറ്റു ഉദ്യോഗസ്ഥരും ജീവനക്കാരും പ്രോസിക്യൂഷൻ ഡയറക്ടറും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യുടെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിലെ പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

55. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം.—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സമിതിയിലെ അംഗങ്ങളെ സംബന്ധിച്ചുള്ള തെരഞ്ഞെടുപ്പിന്റെയും നാമനിർദ്ദേശത്തിന്റെയും രീതി;

(ഖ) 16-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ട്രിബ്യൂണലിന്റെ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഉദ്യോഗസ്ഥരുടെയും അംഗങ്ങളുടെയും സേവന നിബന്ധനകളും ഉപാധികളും യോഗസ്ഥലവും അവർക്ക് കൊടുക്കേണ്ട പ്രതിഫലവും ബത്തകളും;

(ഗ) 26-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അച്ചടക്ക സംബന്ധമായ കമ്മിറ്റിയുടെ അന്വേഷണ വിചാരണയുടെ നടപടിക്രമവും റിപ്പോർട്ടിന്റെ സമർപ്പണവും;

(ഘ) 27-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം പ്രോസിക്യൂഷൻ ഡയറക്ടറാലുള്ള അന്വേഷണ വിചാരണയുടെ നടപടിക്രമം;

(ങ) 31-ാം വകുപ്പ് പ്രകാരം വൃത്തിപരമായ നടപടിദൂഷ്യമായി തീരുമാനിച്ചേക്കാവുന്ന ഏതെങ്കിലും പ്രവൃത്തിയോ കൃത്യവിലോപമോ;

(ച) 45-ാം വകുപ്പ് പ്രകാരം ബോർഡ് അതിന്റെ യോഗങ്ങളിലും അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലും പാലിക്കേണ്ട നടപടിക്രമം;

(ഛ) 46-ാം വകുപ്പ് പ്രകാരം ബോർഡിലെ ചെയർമാന്റെയും അംഗങ്ങളുടേയും സേവന നിബന്ധനകളും ഉപാധികളും.

56. റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സമിതിക്ക്, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും മുൻകൂട്ടിയുള്ള പ്രസിദ്ധീകരണത്തിന് വിധേയമായും ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള റെഗുലേഷനുകളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ഖ)-യും (ഗ)-യും (ഘ)-യും ഖണ്ഡങ്ങളിലെ ആവശ്യത്തിലേക്കായി പരീക്ഷയും പരിശീലനവും;

(ഖ) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ തയ്യാറാക്കേണ്ട രീതി;

(ഗ) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പും 9-ാം വകുപ്പ് (2)-ാം ഉപവകുപ്പും 19-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡവും 23-ാം വകുപ്പ് (4)-ാം ഉപവകുപ്പുംപ്രകാരം നൽകേണ്ട ഫീസ്;

(ഘ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഓണററി അംഗത്തെ തെരഞ്ഞെടുക്കേണ്ട രീതി;

(ങ) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു അഫിലിയേറ്റ് അംഗത്തെ പ്രവേശിപ്പിക്കുന്നതിന്റെ നിബന്ധനകളും ഉപാധികളും;

(ച) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഒരു വിദ്യാർത്ഥി അംഗത്തിന്റെ പ്രവേശനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസ യോഗ്യതകൾ;

(ഛ) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പ്രാക്റ്റീസിന്റെ സർട്ടിഫിക്കറ്റിന് ആവശ്യമായ യോഗ്യതകളും (2)-ാം ഉപവകുപ്പുപ്രകാരം അപേക്ഷ തയ്യാറാക്കേണ്ട രീതിയും ;

(ജ) 19-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സമിതിയാലുള്ള കാര്യങ്ങളുടെ നടത്തിപ്പ്;

(ഝ) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സേവനങ്ങളുടെ നിബന്ധനകളും ഉപാധികളും;

(ഞ) 21-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം കമ്മിറ്റികളുടെ ചുമതലകളും ഉപാധികളും;

(ട) 23-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളുടെ രജിസ്റ്ററും മറ്റ് വിശദവിവരങ്ങളും സൂക്ഷിക്കേണ്ട രീതി;

(ഠ) 23-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളുടെ വാർഷിക ലിസ്റ്റ് പരസ്യം ചെയ്യേണ്ട രീതി;

(ഡ) 25-ാം വകുപ്പുപ്രകാരം രജിസ്റ്ററിൽ പുനഃപ്രവേശനത്തിനുള്ള ഉപാധികളും ആവശ്യകതകളും കൊടുക്കേണ്ട ഫീസും;

(ഢ) 35-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള അധികാരസ്ഥാനത്തിലെ ഉദ്യോഗസ്ഥരുടെയും മറ്റ് സ്റ്റാഫ് അംഗങ്ങളുടേയും ശമ്പളവും ബത്തകളും സേവനവ്യവസ്ഥകളും;

(ണ) 51-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം വിദേശ യോഗ്യതകൾ അംഗീകരിക്കാവുന്നത് ഏത് ഉപാധികൾക്ക് വിധേയമായിട്ടാണെന്ന്;

(ത) ഈ ആക്റ്റ് പ്രകാരം ആവശ്യമുള്ളതോ നിർണ്ണയിച്ചേക്കാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

57. റെഗുലേഷനുകൾ ഉണ്ടാക്കുവാനോ ഭേദഗതി വരുത്തുവാനോ നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ അധികാരം.—(1) കേന്ദ്ര സർക്കാർ അപ്രകാരം ചെയ്യുന്നത് യുക്തമെന്ന് കരുതുന്നിടത്ത്, ലിഖിതമായ ഒരുത്തരവുവഴി ഏതെങ്കിലും റെഗുലേഷനുകൾ ഉണ്ടാക്കുവാനോ ഭേദഗതി ചെയ്യുവാനോ ഈ ആവശ്യത്തിലേക്കായി പ്രത്യേകമായി പറഞ്ഞിട്ടുള്ള അങ്ങനെയുള്ള കാലയളവിനുള്ളിൽ ഉണ്ടാക്കിക്കഴിഞ്ഞ ഏതെങ്കിലും റെഗുലേഷനുകൾ പിൻവലിക്കുവാനോ കൗൺസിലിന് നിർദ്ദേശം നൽകാവുന്നതാണ്.

(2) വിനിർദ്ദേശിച്ച കാലയളവിനുള്ളിൽ അങ്ങനെയുള്ള ഉത്തരവ് സമിതി അനുസരിക്കുന്നതിനു വീഴ്ച വരുത്തുകയോ ഉപേക്ഷ കാണിക്കുകയോ ആണെങ്കിൽ കേന്ദ്ര സർക്കാരിനുതന്നെ, റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും അല്ലെങ്കിൽ സമിതിയുണ്ടാക്കിയ റെഗുലേഷനുകൾ ഭേദഗതി ചെയ്യാവുന്നതും അല്ലെങ്കിൽ പിൻവലിക്കാവുന്നതുമാണ്.

58. ചട്ടങ്ങളും റെഗുലേഷനുകളും വയ്ക്കൽ.—ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും ഓരോ റെഗുലേഷനും അത് ഉണ്ടാക്കിയ ശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളന ത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയാ യുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേ ണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ അല്ലെങ്കിൽ റെഗുലേഷനിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നു എങ്കിൽ ആ ചട്ടത്തിന് അല്ലെങ്കിൽ റെഗുലേഷന് അതിനുശേഷം, അതത് സംഗതിപോലെ, രൂപഭേദ പ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കു കയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടത്തിനോ റെഗുലേഷനോ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

59. വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുകയാണെങ്കിൽ, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നു തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അത്തരം വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ട് വർഷക്കാലാവധിക്കുശേഷം ഈ വകുപ്പിൻ കീഴിൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അതുണ്ടാക്കിയശേഷം, ആകുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടേയും മുൻപാകെ വയ്ക്കേണ്ടതാണ്.

## പട്ടിക

(31-ാം വകുപ്പ് കാണുക)

### ഭാഗം I

### ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രാക്റ്റീസിലുള്ള അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടി ദൂഷ്യം

പ്രാക്റ്റീസിലുള്ള ഒരു ആക്ചറി, അയാൾ,—

(1) ഏതെങ്കിലും ആളെ അപ്രകാരമുള്ള ആളും ഒരു ആക്ചറിയായി പ്രാക്റ്റീസിലുള്ളതും അയാളുടെ പങ്കാളിത്തത്തിലോ അയാളാൽത്തന്നെ നിയോജിച്ചിരിക്കുകയോ അല്ലാത്തപക്ഷം അയാളുടെ പേരിൽ ഒരു ആക്ചറിയായി പ്രാക്റ്റീസുചെയ്യുവാൻ അനുവദിക്കുകയും; അല്ലെങ്കിൽ

(2) ഒരു ജീവനക്കാരന് പ്രതിഫലമായി വേതനം കൊടുക്കുകയോ, ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരംഗമോ ഒരു പങ്കാളിയോ ഒരു വിരമിച്ച പങ്കാളിയോ മരണപ്പെട്ട പങ്കാളിയുടെ നിയമാനുസൃത പ്രതിനിധിയോ അല്ലാത്ത ഏതെങ്കിലും ആളിന് നേരിട്ടോ നേരിട്ടല്ലാതെയോ തന്റെ വൃത്തിപരമായ ബിസിനസ്സിലെ ഫീസിന്റെയോ ലാഭത്തിന്റെയോ ഏതെങ്കിലും ഭാഗമോ കമ്മീഷനോ ബ്രോക്കറേജോ കൊടുക്കുകയോ അനുവദിക്കുകയോ കൊടുക്കുന്നതിനോ അനുവദിക്കുന്നതിനോ യോജിക്കുകയും; അല്ലെങ്കിൽ

3/2708/2011/DTP.

(3) ആക്ചറിയായി പ്രാക്റ്റീസിൽ അല്ലാത്ത ഏതെങ്കിലും ആളുമായി പങ്കാളിത്തത്തിൽ ഏർപ്പെടുകയോ ഭാരതത്തിന് പുറത്തുള്ള താമസക്കാരനായിരിക്കുന്ന ഒരു ആളാണെങ്കിലും അയാളുടെ വിദേശവാസം ഇല്ലായിരുന്നെങ്കിൽ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡപ്രകാരം അംഗമായി പ്രവേശിപ്പിക്കാൻ അവകാശമുള്ളതും അല്ലെങ്കിൽ അങ്ങനെയുള്ള പങ്കാളിത്തത്തെ അനുവദിക്കുന്ന ആവശ്യത്തിലേക്കായി കേന്ദ്രസർക്കാരോ സമിതിയോ ഏതൊരാളുടെ യോഗ്യതകൾ അംഗീകരിച്ചിരിക്കുകയും, എന്നാൽ ഭാരതത്തിനുള്ളിലും പുറത്തുമുള്ള പങ്കാളിത്ത ബിസിനസ്സിന്റെ ഫീസോ ലാഭമോ ആക്ചറി ഭാഗം വയ്ക്കുക ; അല്ലെങ്കിൽ

(4) ഏതെങ്കിലും വൃത്തിപരമായ ബിസിനസ്സ് അങ്ങനെയുള്ള ആക്ചറിയുടെ ജീവനക്കാരനല്ലാത്ത ഒരാളുടെ അല്ലെങ്കിൽ അയാളുടെ പങ്കാളിയാവാൻ യോഗ്യതയില്ലാത്തയാളുടെ സേവനം വഴിയോ ആക്ചറിക്ക് ലഭ്യമല്ലാത്ത മാർഗ്ഗത്തിലൂടെ നേടുക ; അല്ലെങ്കിൽ

(5) മുൻപ് മറ്റൊരു ആക്ചറി വഹിച്ചുകൊണ്ടിരുന്നത് അയാളെ ആദ്യം രേഖാമൂലം അറിയിക്കാതെ ആക്ചറിയായുള്ള ഒരു ചുമതല സ്വീകരിക്കുക ; അല്ലെങ്കിൽ

(6) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും റെഗുലേഷൻ പ്രകാരം അനുവദിക്കുന്നതൊഴികെ ലാഭശതമാനത്തിന്റെ അടിസ്ഥാനത്തിലുള്ള അല്ലെങ്കിൽ അങ്ങനെയുള്ള നിയോജനത്തിന്റെ അനിശ്ചിതമായ ഏതെങ്കിലും തീരുമാനങ്ങളാലോ ഫലങ്ങളാലോ ഏതെങ്കിലും വൃത്തിപരമായ നിയോജന ഫീസിനെ സംബന്ധിച്ച് ചാർജ്ജ് ചെയ്യുകയോ ചാർജ്ജ് ചെയ്യുവാൻ വാഗ്ദാനം ചെയ്യുകയോ, സ്വീകരിക്കുകയോ സ്വീകരിക്കാമെന്ന് വാഗ്ദാനം ചെയ്യുക; അല്ലെങ്കിൽ

(7) സമിതിയാൽ അപ്രകാരം ഏർപ്പെടുവാൻ അനുവദിക്കാത്തപക്ഷം ആക്ചറീസ് വൃത്തി അല്ലാത്ത ഏതെങ്കിലും ബിസിനസ്സിലോ അല്ലെങ്കിൽ തൊഴിലിലോ ഏർപ്പെടുക:

എന്നാൽ, ഇതിൽ അടങ്ങിയിരിക്കുന്ന യാതൊന്നും ഒരു ആക്ചറിയെ ഒരു കമ്പനിയുടെ ഡയറക്ടർ ആകുന്നതിന് അവകാശമില്ലാതാക്കുന്നില്ല; അല്ലെങ്കിൽ

(8) കുറഞ്ഞ നിരക്കിൽ വാഗ്ദാനം ചെയ്യുന്ന രൂപത്തിൽ അങ്ങനെയുള്ള വ്യവസ്ഥകളിൽ മുൻപ് പ്രാക്റ്റീസിലിരുന്ന മറ്റേതെങ്കിലും ആക്ചറി വഹിച്ചിരുന്ന ആക്ചറിയായുള്ള സ്ഥാനം സ്വീകരിക്കുക; അല്ലെങ്കിൽ

(9) ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രാക്റ്റീസിലുള്ള അംഗമല്ലാത്ത ഒരാളെ അല്ലെങ്കിൽ തന്റെ പങ്കാളിയല്ലാത്ത ഒരു അംഗത്തെ തനിക്ക് വേണ്ടിയോ തന്റെ ഫേമിന് വേണ്ടിയോ ഏതെങ്കിലും മൂല്യനിർണ്ണയ റിപ്പോർട്ടിലോ ധനകാര്യസ്റ്റേറ്റ്മെന്റിലോ ഒപ്പുവയ്ക്കുവാൻ അനുവദിക്കുക ; അല്ലെങ്കിൽ

(10) അയാളുടെ വൃത്തിപരമായ ഏർപ്പെടലിനിടയിൽ ആർജ്ജിച്ചിട്ടുള്ള വിവരം അപ്രകാരം അയാളെ ഏർപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള കക്ഷിയുടെ സമ്മതമില്ലാതെയോ, തത്സമയം നിലവിലുള്ള ഏതെങ്കിലും നിയമത്താൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരമല്ലാതെയോ ഏതെങ്കിലും ആളോട് വെളിപ്പെടുത്തുക ; അല്ലെങ്കിൽ

(11) അയാളാലോ അയാളുടെ ഫേമിലെ ഒരു ജീവനക്കാരനാലോ ഒരു പങ്കാളിയാലോ പ്രാക്റ്റീസിലുള്ള മറ്റൊരു ആക്ചറിയാലോ അങ്ങനെയുള്ള സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട രേഖകളും പരിശോധിക്കാത്തപക്ഷം അയാളുടെ പേരിലോ അയാളുടെ ഫേമിന്റെ പേരിലോ ഒരു മൂല്യനിർണ്ണയ റിപ്പോർട്ടോ ധനകാര്യസ്റ്റേറ്റ്മെന്റോ സാക്ഷ്യപ്പെടുത്തുകയോ സമർപ്പിക്കുകയോ ചെയ്യുക ; അല്ലെങ്കിൽ

(12) അയാളുടെ റിപ്പോർട്ടിൽ തന്റെ അവകാശവുംകൂടി വെളിപ്പെടുത്താത്തപക്ഷം അയാൾക്കോ അയാളുടെ ഫേമിനോ, അല്ലെങ്കിൽ അയാളുടെ ഫേമിലെ ഒരു പങ്കാളിക്കോ ഗണ്യമായ ഒരു അവകാശമുള്ള ഏതെങ്കിലും ബിസിനസ്സിന്റെയോ ഏതെങ്കിലും വ്യാപാര സ്ഥാപനത്തിന്റെയോ മൂല്യനിർണ്ണയ റിപ്പോർട്ടുകളിലോ ധനകാര്യസ്റ്റേറ്റ്മെന്റുകളിലോ അയാളുടെ അഭിപ്രായം പ്രകടിപ്പിക്കുക ; അല്ലെങ്കിൽ

(13) വൃത്തിപരമായ നിലയിൽ അങ്ങനെയുള്ള മൂല്യനിർണ്ണയ റിപ്പോർട്ട് അല്ലെങ്കിൽ ധനകാര്യ സ്റ്റേറ്റ്മെന്റുമായി അയാൾക്ക് ബന്ധമുള്ളിടത്ത് ആ മൂല്യനിർണ്ണയ റിപ്പോർട്ടോ ധനകാര്യ സ്റ്റേറ്റ്മെന്റോ തെറ്റിദ്ധരിപ്പിക്കുന്നതാകാതിരിക്കാൻ ഏതൊരു വെളിപ്പെടുത്തലുകൾ ആവശ്യമായിരിക്കുന്നതുമായ ഒരു മൂല്യനിർണ്ണയ റിപ്പോർട്ടിലോ ധനകാര്യ സ്റ്റേറ്റ്മെന്റിലോ അയാൾക്കറിയാവുന്ന ഒരു സാരവത്തായ വസ്തുത വെളിപ്പെടുത്തുവാൻ വീഴ്ച വരുത്തുക ; അല്ലെങ്കിൽ

(14) വൃത്തിപരമായ നിലയിൽ അയാളുമായി ബന്ധപ്പെട്ട ഒരു മൂല്യനിർണ്ണയ റിപ്പോർട്ടിലോ ധനകാര്യ സ്റ്റേറ്റ്മെന്റിലോ അയാൾക്കറിയാവുന്ന സാരവത്തായ ഒരു തെറ്റായ പ്രസ്താവന ദൃശ്യമായത് റിപ്പോർട്ട് ചെയ്യുവാൻ വീഴ്ച വരുത്തുക ; അല്ലെങ്കിൽ

(15) അയാളുടെ വൃത്തിപരമായ ചുമതലകളുടെ നിർവ്വഹണത്തിൽ കടുത്ത ഉപേക്ഷയുള്ളവനായിരിക്കുക ; അല്ലെങ്കിൽ

(16) അയാളാലോ അയാൾക്കുവേണ്ടിയോ തയ്യാറാക്കിയ ഏതെങ്കിലും മൂല്യനിർണ്ണയ റിപ്പോർട്ടിലോ ധനകാര്യസ്റ്റേറ്റ്മെന്റിലോ അടങ്ങിയിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് ഒരു അഭിപ്രായത്തിന്റെ രൂപീകരണത്തിന് മതിയായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് വീഴ്ച വരുത്തുക; അല്ലെങ്കിൽ

(17) അയാളാലോ അയാൾക്കുവേണ്ടിയോ തയ്യാറാക്കപ്പെട്ട ഏതെങ്കിലും മൂല്യനിർണ്ണയ റിപ്പോർട്ടിലോ ധനകാര്യസ്റ്റേറ്റ്മെന്റിലോ സാഹചര്യങ്ങൾക്ക് ബാധകമായ പൊതുവായി സ്വീകരിച്ച നടപടിക്രമത്തിലോ വൃത്തിപരമായ ജോലിയിലോ ഏതെങ്കിലും സാരവത്തായ വ്യതിയാനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുവാൻ വീഴ്ചവരുത്തുകയോ

ആണെങ്കിൽ വൃത്തിപരമായ നടപടി ദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് കരുതപ്പെടേണ്ടതാണ്.

ഭാഗം II

## ഇൻസ്റ്റിറ്റ്യൂട്ടിലെ സർവ്വീസിലുള്ള അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടി ദൂഷ്യം

ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരംഗം (പ്രാക്റ്റീസിലില്ലാത്ത ഒരംഗം) ഏതെങ്കിലും കമ്പനിയുടെയോ ഫേമിന്റെയോ വ്യക്തിയുടെയോ ഒരു ജീവനക്കാരനായിരിക്കെ അയാൾ,—

(1) ഏറ്റെടുത്തിട്ടുള്ള നിയോജനത്തിന്റെ ഏതെങ്കിലും വേതനത്തിന്റെ പങ്ക് ഏതെങ്കിലും ആളിന് നേരിട്ടോ നേരിട്ടല്ലാതെയോ കൊടുക്കുകയോ കൊടുക്കുവാൻ അനുവദിക്കുകയോ യോജിക്കുകയോ; അല്ലെങ്കിൽ

(2) ലാഭത്തിന്റെയോ നേട്ടത്തിന്റെയോ ഏതെങ്കിലും ഭാഗം കമ്മീഷനായോ പ്രതിഫലമായോ സ്വീകരിക്കുകയോ സ്വീകരിക്കുവാൻ യോജിക്കുകയോ; അല്ലെങ്കിൽ

(3) നിയമം ആവശ്യപ്പെടുമ്പോഴല്ലാതെയോ തന്റെ നിയോജകനാൽ അനുവദിച്ചതൊഴികെയോ അയാളുടെ നിയോജനത്തിനിടയിൽ ആർജ്ജിച്ച രഹസ്യമായ വിവരം വെളിപ്പെടുത്തുകയോ

ആണെങ്കിൽ വൃത്തിപരമായ നടപടി ദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് കരുതപ്പെടേണ്ടതാണ്.

3/2708/2011/DTP.

ഭാഗം III

## പൊതുവെ ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടി ദൂഷ്യം

ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരംഗം, പ്രാക്റ്റീസിലാണെങ്കിലും അല്ലെങ്കിലും, അയാൾ,—

(1) സമിതിക്ക് സമർപ്പിക്കേണ്ട ഏതെങ്കിലും സ്റ്റേറ്റ്മെന്റിലോ റിട്ടേണിലോ ഫാറത്തിലോ വ്യാജമാണെന്നറിയാവുന്ന ഏതെങ്കിലും വിവരങ്ങൾ ഉൾപ്പെടുത്തുക ; അല്ലെങ്കിൽ

(2) ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു ഫെലോ അംഗമല്ലാതിരിക്കെ സ്വയം ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു ഫെലോ അംഗമായി പ്രവർത്തിക്കുക ; അല്ലെങ്കിൽ

(3) സമിതിയോ അതിന്റെ ഏതെങ്കിലും കമ്മിറ്റികളോ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരിക്കുകയും അപേക്ഷിച്ചിട്ടുള്ള ആവശ്യങ്ങൾ പാലിക്കാതിരിക്കുകയോ ; അല്ലെങ്കിൽ

(4) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ അതിൻപ്രകാരം ഉണ്ടാക്കിയ റെഗുലേഷനുകളോ അല്ലെങ്കിൽ 19-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡപ്രകാരം സമിതിയാൽ പുറപ്പെടുവിച്ച ഏതെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ ഉല്ലംഘിക്കുക ; അല്ലെങ്കിൽ

(5) സമിതിയാൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള മറ്റ് പ്രവൃത്തിക്കോ കൃത്യവിലോപത്തിനോ കുറ്റക്കാരനാകുകയോ

ചെയ്യുന്നുവെങ്കിൽ വൃത്തിപരമായ നടപടി ദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് കരുതപ്പെടേണ്ടതാണ്.

ഭാഗം IV

## പൊതുവെ ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളെ സംബന്ധിച്ച മറ്റ് നടപടി ദൂഷ്യം

ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരംഗം, പ്രാക്റ്റീസിലാണെങ്കിലും അല്ലെങ്കിലും, അയാൾ,—

(ക) (1) ആറുമാസത്തിൽ കവിയാത്ത കാലത്തേക്കുള്ള തടവിന് ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് അപരാധിയാണെന്ന് ഏതെങ്കിലും സിവിൽ അല്ലെങ്കിൽ ക്രിമിനൽ കോടതി വിധിക്കുകയോ;

(2) സമിതിയുടെ അഭിപ്രായത്തിൽ, അയാളുടെ വൃത്തിപരമായ ജോലിയുമായി ബന്ധപ്പെട്ടതോ അല്ലാത്തതോ ആയ പ്രവൃത്തിയുടെ ഫലമായി ആ വൃത്തിക്കോ ഇൻസ്റ്റിറ്റ്യൂട്ടിനോ അപഖ്യാതി വരുത്തുകയോ;

(ഖ) ആറുമാസത്തിൽ കവിയുന്ന കാലത്തേക്ക് തടവിന് ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് അപരാധിയാണെന്ന് ഏതെങ്കിലും സിവിൽ അല്ലെങ്കിൽ ക്രിമിനൽ കോടതി വിധിക്കുകയോ

ആണെങ്കിൽ മറ്റ് നടപടി ദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് കരുതപ്പെടേണ്ടതാണ്.

# THE ACTUARIES ACT, 2006
# (ACT NO. 35 OF 2006)

## ആക്ചറീസ് ആക്റ്റ്, 2006
## (2006-ലെ 35-ാം നമ്പർ ആക്റ്റ്)

### Glossary

| | | | |
|---|---|---|---|
| 1. | expression | — | പദപ്രയോഗം S. 2 (1) (a) |
| 2. | risk analysis | — | നഷ്ടസാദ്ധ്യതാവിശകലനം S. 2 (1) (a) |
| 3. | benefactions | — | സഹായം S.19 (2) (m) |
| 4. | grant | — | ഗ്രാന്റ് S. 19 (2) (m) |
| 5. | bestow | — | പ്രദാനം ചെയ്യുക S. 38 (1) (b) |